# രാജർഷി


| പുസ്തകം 7 | 1116 ധനു—മകരം. | ലക്കം 5-6 |
|---|---|---|


## മംഗളം.

ആരോടുമീർഷ്യാരഹിതം മനസ്സി-
ന്നാരോഗ്യസൌഭാഗ്യമിയററി മേന്മേൽ
സാരോപദേശം വഴിയിങ്ങു ലോകം
നേരോടു "രാജർഷി" നയിക്കനിത്യം!

P. S. N.

## കുറിപ്പുകൾ.

### സാഹിത്യപരിഷത്തു്:

സമസ്തകേരളസാഹിത്യപരിഷത്തിൻെറ 14-ാം വാർഷികസമ്മേളനം മ. മ. ശ്രീ രാമവർമ്മ അപ്പൻ തമ്പുരാൻ തിരുമനസ്സിലെ മേൽനോട്ടത്തിൽ പാലക്കാട്ടു് വി. എസ്. വി. ഹാളിൽ വച്ചു് 1940 ഡിസംബർ 28. 29. 30. എന്നീ തിയതികളിൽ ഭംഗിയായി കൊണ്ടാടിയിരിക്കുന്നു. മൂന്നുദിവസങ്ങളിൽകൂടി പതിനൊന്നു യോഗങ്ങളാണു നടന്നതു്. മ. മ. ശ്രീ. രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്, മെസ്സേർസ് മഹാകവി വള്ളത്തോൾ, സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ, ടി. കെ. ജോസഫ്, വടക്കുംകൂർ. രാജരാജവർമ്മരാജാ, കെ. രാമകൃഷ്ണപിള്ള, ബി. എ. എൽ. എൽ ബി. ശ്രീമതി പാറക്കൽ ഗൌരിയമ്മ, ആററൂർ കൃഷ്ണപിഷാരടി. മഹാക

വി ഉള്ളൂർ, പ്രഫസർ ജോസഫ് മുണ്ടശ്ശേരി, മഹാകവി കുട്ടമത്തു്, വിദ്വാൻ ജി. ശങ്കരക്കുറുപ്പു്. എന്നീ മഹാന്മാരായിരുന്നു അദ്ധ്യക്ഷന്മാർ. ശ്രീമാന്മാരായ വടക്കേപ്പാട്ടു നാരായണൻനായർ ഗൌരീപവിത്രൻ. കോങ്ങാട്ടു കൃഷ്ണൻനായർ. കോയിപ്പള്ളി പരമേശ്വരക്കുറുപ്പു്. വിദ്വാൻ എ. ഡി. ഹരിശർമ്മ എൻ ഗോപാലപിള്ള. പി. അനന്തൻപിള്ള മുതലായ അനേകം മഹതീമഹാന്മാരുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു. അടുത്ത സമ്മേളനം വയ്ക്കത്തുവച്ചാണു് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതു്.

## സംസ്കൃതസാഹിത്യപരിഷത്തു്:

കൊച്ചി സംസ്കൃതസാഹിത്യപരിഷത്തിന്റെ പ്രഥമവാർഷികസമ്മേളനം ധനു 23-ാം തിയതി തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽവച്ചു മ. മ. ശ്രീ. രാമവർമ്മ പരീക്ഷിത്തു തമ്പുരാൻതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ വളരെ ഭംഗിയായിനടന്നിരിക്കുന്നു സെക്രട്ടറിയുടെ റിപ്പോർട്ടുവായന, പ്രമേയാവതരണം, അടുത്ത കൊല്ലത്തേക്കുള്ള മെംബർമാരുടെ തെരഞ്ഞെടുപ്പു് മുതലായവ കഴിഞ്ഞതിന്റെശേഷം അദ്ധ്യക്ഷൻ തിരുമനസ്സുകൊണ്ടു് "സംസ്കൃതഭാഷയെപ്പററിയും അതിന്നു നമ്മുടെ രാജ്യത്തു് വരുത്തേണ്ട വശങ്ങളെപ്പററിയും മററും സമുചിതമാംവണ്ണം പ്രസംഗിച്ചു; പിന്നീട്ടു് ശോശ്രീശമംഗളം പാടി യോഗം പിരിഞ്ഞു.

## മെഡൽ സമ്മാനം:

ശ്രീരാമവർമ്മസംസ്കൃതകോളേജ് വാർഷികയോഗം ധനു 13-ാം തിയതി 4-20 നു് ഗ്രാമോദ്ധാരണമന്ത്രി ഡാക്ടർ എ ആർ. മേനവനവർകളുടെ അദ്ധ്യക്ഷതയിൽകൂടി. സദസ്സിൽ പണ്ഡിതവര്യരായി രാജകുടുംബാംഗങ്ങളും, നേത്യാരമ്മമാർ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ, പൌരപ്രമാണികൾ, അദ്ധ്യാപകന്മാർ മുതലായ അനേകംപേർ ഉണ്ടായിരുന്നു അദ്ധ്യക്ഷൻ അവർകളുടെ വിജ്ഞാനപ്രദമായ പ്രസംഗം അദ്ദേഹത്തിനു് സംസ്കൃതഭാഷയോടുള്ള പ്രതിപത്തിയെ പ്രസ്പഷ്ടമാക്കി. തദനന്തരം ഒരു റിപ്പോർട്ടുവായനയും മെഡൽ സമ്മാനപ്രകീർത്തിതപ്രസംഗവും ഉണ്ടായി. മഹാരാജാവുതിരുമനസ്സിലെ "പണ്ഡിതരാജ് മെഡൽ" അണ്ണാമല യൂനിവേർസിററിയിലെ ന്യായപ്രഫസർ. വി. സുബ്രഹ്മണ്യശാസ്ത്രി അവർകൾക്കും സാഹിത്യനിപുണമെഡൽ പ്രഫസർ ജോസഫ് മുണ്ടശ്ശേരി എം എ. അവർകൾക്കും മ മ. ശ്രീ. എളയതമ്പുരാൻ തിരുമനസ്സിലെ വേദാന്തമെഡൽ സി. കെ നാരായണയ്യർ അവർകൾക്കും റാവുസാഹേബു് ഇ കൃഷ്ണമേനോൻ അവർകളുടെ ന്യായമെഡൽ ശ്രീമതി ജാനകി അവർകൾക്കും ലഭിച്ചു മ. മ. ശ്രീ. പരീക്ഷിത്തു തമ്പുരാൻ തിരുമനസ്സുകൊണ്ടു്, ശ്രീമതി വി കെ. ലക്ഷ്മിക്കുട്ടി നേത്യാരമ്മ മുതലായ മഹാത്മാക്കളുടെ സമ്മാനദാനങ്ങളും ഉണ്ടായി പിന്നീട്ടു് മി. സുബ്രഹ്മണ്യശാസ്ത്രികൾ സംസ്കൃതത്തിലും ജോസഫ് മുണ്ടശ്ശേരി എം. എ. അവർകൾ മലയാളത്തിലും ഓരോ പ്രൗഢമായ പ്രസംഗങ്ങൾ ചെയ്തു. കൃതജ്ഞതാപ്രകടനവും ശോശ്രീശമംഗളം കഴിഞ്ഞു യോഗം പിരിഞ്ഞു.

ഞങ്ങളുടെ ഉത്തമമിത്രവും, സാഹിത്യലോകത്തിൽ— ക്രൈസ്തവസമുദായത്തിൽ—ഇന്നു പേരെടുത്തുവരുന്ന ദേഹവുമായ ജോസഫ് മുണ്ടശ്ശേരി എം. എ. അവർകളെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കയും അദ്ദേഹത്തിന്റെ ശോഭനമായ ഭാവിക്കു സർവ്വേശ്വരനോടു പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

## രാജഹസ്തേന കങ്കണം:

ധാർമ്മികചക്രവർത്തി തിരുമനസ്സിലെ തൃക്കയ്യിൽനിന്നും മെഡലും ഒരു കൈയ്യ് വീരശൃംഖലയും വാങ്ങിച്ചുകഴിഞ്ഞിട്ടുള്ള ഇടപ്പറമ്പത്ത് രാമൻമേനോൻ (കൺട്രാക്ടരും ജനറൽ മെർച്ചന്റും) അവർകൾക്കു മ. മ. ശ്രീ വലിയമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ട്, കോവിലകം പണിയിൽ സംതൃപ്തയായി മറ്റെ കൈയ്യും വീരശൃംഖല സമ്മാനിക്കയുണ്ടായി. ഊർജ്ജസ്വലനും ഉദാരമതിയും ഈശ്വരഭക്തനും സത്യവാനും ആയ മി. മേനവനെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കുന്നു. തൃശ്ശിവപേരൂർ നിവാസികൾക്കും— നായർ സമുദായത്തിനും—വിശിഷ്യ കിഴക്കുമ്പാട്ടുകര ദേശവാസികൾക്കും അഭിമാനജനകമായ ഒരു മഹാഭാഗ്യമാണിതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇ. രാമൻമേനവന് അവർകൾക്ക് സർവൈശ്വര്യങ്ങളും സർവ്വശക്തനായ ജഗദീശ്വരൻ നൽകുമാറാകട്ടെ.

## കൊച്ചിരാജ്യവും സംസ്കൃതഭാഷയും:

കൊച്ചിരാജകുടുംബം പൂർവ്വകാലം മുതല്ക്കുതന്നെ സരസ്വതീദേവിയുടെ നൃത്തരംഗമാണ്. സംസ്കൃതഭാഷാദേവി പ്രസ്തുതരാജകുടുംബാംഗങ്ങളെ ഓരോരുത്തരേയും അനുഗ്രഹിച്ചുവരുന്നു. മ. മ ശ്രീ വലിയ ഇക്കുഅമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ട് കൊച്ചിരാജകുടുംബത്തിലെ പ്രസിദ്ധകവയിത്രി എന്ന പേരിന് അർഹയായിട്ടുണ്ട്. അവിടുന്നു സൗഭദ്രസ്തവം ഭഗവത്യഷ്ടകം തുടങ്ങിയ അനേകം കൃതികൾ രചിച്ചിട്ടുമുണ്ട്. നാടുവാണരുളുന്ന നമ്മുടെ ധാർമ്മികചക്രവർത്തി തിരുമനസ്സിലെ ഭാഗിനേയി മ. മ ശ്രീ മങ്കുത്തമ്പുരാൻ തിരുമനസ്സുകൊണ്ട് സംഗീതത്തിൽ അതിവിദഗ്ധയാണല്ലോ. അവിടുന്ന് സാഹിത്യത്തിലും അതിനിപുണയാണ്. സർവ്വകലാവല്ലഭനായ രാജർഷി തിരുമനസ്സുകൊണ്ട് ഭാഷാസാഹിത്യപരിപോഷണത്തിനുവേണ്ടി, ചെയ്തിട്ടുള്ള ശ്രമങ്ങൾ നിസ്സീമമാണ്. തൃപ്പൂണിത്തുറ കോളേജ്, ഭാഷാപരിഷ്കരണക്കമ്മിറ്റി മുതലായവ സുപ്രശസ്തസ്തംഭങ്ങളാണല്ലോ. അതുപോലെ വിശ്വവിശ്രുതനായി മദ്രാസിൽവച്ചു ദിവംഗതനായ അത്തം തിരുനാൾ തിരുമനസ്സുകൊണ്ട് ഭാഷാഭിവൃദ്ധിക്കുവേണ്ടി അനേകം പരിഷ്കാരങ്ങൾ ചെയ്തിട്ടുണ്ട്. നാടുവാണരുളുന്ന നമ്മുടെ ധാർമ്മികചക്രവർത്തി തിരുമനസ്സുകൊണ്ടു ദൃശ്യകലകളിൽ അപാരമായ ജ്ഞാനം സമ്പാദിച്ചിട്ടുണ്ടല്ലോ. ചുരുക്കിപ്പറയുന്നതായാൽ കൊച്ചിരാജ്യത്തിലുണ്ടായിരുന്നവരും ഇപ്പോൾ ഉള്ളവരും ആയ ആൺവഴിത്തമ്പുരാക്കന്മാരും പെൺവഴിത്തമ്പുരാക്കന്മാരും സംസ്കൃതഭാഷയിൽ അദ്വിതീയരാണ്. (മ മ ശ്രീ. ഇളയതമ്പുരാൻ തിരുമനസ്സിലെ ആയുർവേദചികിത്സ വിഷചികിത്സ മുതലായവ ഇന്നും സുപ്രവർത്തനപദ്ധതിയിൽ വളർന്നുവരുന്നു.)

ഇപ്പോൾ നമ്മുടെ രാജ്യത്തുള്ള രാജ്യഭരണമേധാവികളായ ഉദ്യോഗസ്ഥന്മാരുടെ കാര്യം ആലോചിച്ചുനോക്കാം. ഇംഗ്ലീഷിലും തമിഴിലും ഇപ്പോൾ മലയാളത്തിലും പരിപൂർണ്ണജ്ഞാനം സമ്പാദിച്ച ഭരണധുരന്ധരനാണല്ലൊ ദിവാൻ സർ. ആർ. കെ. ഷൺമുഖം ചെട്ടി അവർകൾ. അദ്ദേഹത്തിനും സംസ്കൃതഭാഷയിൽ ധാരാളം ജ്ഞാനമുണ്ടെന്നാണ് ഞങ്ങളുടെ അറിവ്. വ്യവസായതൽപരനായ അദ്ദേഹം ഗ്രാമോദ്ധാരണത്തിനുവേണ്ടി ചെയ്യുന്ന പരിഷ്കാരങ്ങൾ നിസ്സീമമാണല്ലോ കൂടാതെ ശ്രീമാന്മാരായ ഗ്രാമോദ്ധാരണമന്ത്രി ഡാക്ടർ എ. ആർ. മേനോൻ സർവ്വാധികാര്യക്കാർ ശ്രീമാൻ പുത്തേഴത്തു രാമൻമേനോൻ. ബി. എ. ബി. എൽ. സെക്രട്ടറി കോമാട്ടിൽ അച്യുതമേനോൻ ബി. എ, ബി. എൽ, വിദ്യാഭ്യാസഡയറക്ടർ രാജശ്രീമാൻ റാവുസാഹിബ് ഐ. എൻ. മേനോൻ റാവുസാഹേബ്; ഇളമന കൃഷ്ണമേനോൻ, ഡാക്ടർ ഗിരിജാവല്ലഭമേനോൻ മുതലായ ഭരണധുരന്ധരന്മാർ സാസ്കൃതത്തിലും മലയാളത്തിലും പരിപൂർണ്ണജ്ഞാനം സമ്പാദിച്ചവരായി നമുക്കുള്ള സ്ഥിതിക്ക് സംസ്കൃതഭാഷക്ക് കൊച്ചിരാജ്യത്തിൽ അഭിവൃദ്ധി ഉണ്ടാകേണ്ടതായ കാലം അതിക്രമിച്ചിട്ടുണ്ട്.

സംസ്കൃതഭാഷാഭ്യസനം ഏവൻെറയും മനസ്സിനെ പരിപാവനമാക്കുന്നു. ജ്യോതിശ്ശാസ്ത്രം, ആയുർവ്വേദം, തച്ചുശാസ്ത്രം മുതലായ പല ശാസ്ത്രങ്ങളും പ്രസ്തുതഭാഷാജ്ഞാനംകൊണ്ട് നമുക്കു സിദ്ധിക്കുന്നു. തൊഴിലില്ലാതെ അലയുന്നവക്കും മേൽപറഞ്ഞ ശാസ്ത്രപഠനംമൂലം ഉപജീവനമാഗ്ഗത്തിന് വഴികാണിച്ചുകൊടുക്കുന്നു. ഇത്രയും ലോകോപകാരപ്രദമായ ഭാഷ വേറെ ഒന്നില്ലെന്നു തീത്തുപറയാം.

സംസ്കൃതഭാഷയെ മൃതഭാഷയാക്കി കല്പിച്ചിട്ടുണ്ടെങ്കിലും അമൃതഭാഷയെന്നു സൂക്ഷ്മദൃക്കുകൾക്ക് മനസ്സിലാക്കുവാൻ സാധിക്കും. മാതൃഭാഷയായ മലയാളത്തിന് ഉച്ചാരണശുദ്ധി വേണമെങ്കിൽ സംസ്കൃതത്തിൻെറ സഹായം കൂടാതെ കഴികയില്ല ആയതിനാൽ

പൂർവ്വന്മാർ നിധിപോലെവച്ചു പരിലാളിച്ചോരു ദേവാംഗനാ-
ഗിർവ്വാണീമണിയാളെ മഞ്ജുളകലാ ഭൂഷാവിശേഷങ്ങളാൽ
സർവ്വാധീശ്വരിയാക്കി സർവ്വരുമവൾക്കൊന്നായ് വശത്താം വിധം
നിർവ്വാണപ്രദയാക്കി .... .... .... നമ്മുടെ ഭാവിപൌരന്മാരെ യഥാർത്ഥപൌരന്മാരാക്കുന്നതിന് ഭരണമേധാവികളുടെ അനുകമ്പ ഉണ്ടാകുന്നതായാൽ കൊച്ചിരാജ്യത്തിന് അടുത്ത ഭാവിയിൽ വിദ്യാഭ്യാസപരമായ ഒരു സൗവർണ്ണകാലമുണ്ടാകുന്നതാണ്.

ഞങ്ങളുടെ കാര്യം:

നാടുവാണരുളുന്ന നമ്മുടെ ധാർമ്മികചക്രവത്തി തിരുമനസ്സിലെ തിരുനാൾ സംബന്ധിച്ച ഞങ്ങൾ "രാജർഷികലാനിലയം" വകയായി തിരുമുമ്പാകെ ഒരു മംഗളപത്രം സാദരം സമപ്പിക്കയുണ്ടായി. തിരുമനസ്സുകൊണ്ട് സസന്തോഷം ഞങ്ങൾക്ക് ഓണപ്പുടവയും കലാലയാഭിവൃദ്ധിക്കായി പത്തുറുപ്പിക സംഭാവനയും

നൽകിയതിൽ ഞങ്ങൾക്കുള്ള നിസ്സീമമായ സന്തോഷത്തെ ഇവിടെ പ്രസ്പഷ്ടമാക്കിക്കൊള്ളുന്നു. സൎവ്വഗുണസമ്പൂൎണ്ണനായ തിരുമനസ്സിലേക്കു് സൎവ്വശക്തൻ സൎവ്വമംഗളങ്ങളും അരുളുമാറാകട്ടെ.

## വിമൎശനത്തിൽ ഇന്നു വേണ്ടതു്.

ഗവേഷണത്തിനും വിമൎശനത്തിനും വിധേയമാകുന്ന വിഷയത്തിന്റെ നാനാവശങ്ങളേയും വിശദമായി തെളിയിക്കുകയാണു ഗവേഷകന്റെയും വിമൎശകന്റെയും ധൎമ്മം. അങ്ങനെ ഓരോരോ വിഷയങ്ങളുടേ ഓരോരോ ഭാഗങ്ങൾ ക്രമേണ പ്രകാശിതങ്ങളായി വരുന്നതോടുകൂടി വിജ്ഞാനസാമ്രാജ്യത്തിന്റെ പരിധികൾ വിസ്തൃതങ്ങളായിത്തീരുന്നു. ഇതാണു യഥാൎത്ഥവിദ്യാവ്യവസായികളാൽ സാധിക്കേണ്ടതായ കൎത്തവ്യം. ഇപ്പോളുള്ളതിനേക്കാളധികം അറിവു ലോകത്തിനുണ്ടാക്കിക്കൊടുക്കുവാനായിരിക്കണം അവരുടേ ശ്രമം. സരസ്വതീക്ഷേത്രത്തിലേ ഭക്തന്മാരായ ഉപാസകന്മാരാണു് അവർ. അവരോടു ലോകരെന്നും കൃതജ്ഞരായിരിക്കുകയും ചെയ്യും.

എന്നാൽ ഒരു വിഷയത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ, ആ വിഷയത്തിൽ കൂടുതൽ അറിവുണ്ടാക്കിക്കൊടുക്കുന്നതിനേക്കാൾ, തങ്ങൾക്കുള്ള അറിവിനെക്കുറിച്ചു ലോകത്തിനു് എന്തെന്നില്ലാത്ത ഒരു "ഭ്രമം" തോന്നിക്കുവാനാണു പല ഗവേഷകന്മാരും നിരൂപകന്മാരും അധികം ജാഗ്രത കാണിക്കുന്നതു്. ഇതു് ഒരുതരം ധൎമ്മഭ്രംശംതന്നെയാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. വിഷയത്തിന്റെ നാനാവശങ്ങളേയല്ല, സ്വന്തം പാണ്ഡിത്യത്തിന്റെയും യോഗ്യതയുടേയും നാനാവശങ്ങളേയാണു് വിമൎശകൻ പ്രകാശിപ്പിക്കുവാൻ പ്രയത്നിക്കുന്നതു്. എന്നുമാത്രമല്ല, പലപ്പോഴും, ആത്മമഹത്വപ്രകടനത്തിനുള്ള ഒരു ഉപകരണം മാത്രമായിട്ടും ആയാൾ വിമൎശനവിദ്യയേ വിനിയോഗിക്കുന്നതായിക്കാണുന്നു. ഇതു വാസ്തവത്തിൽ വിമൎശനവ്യഭിചാരമാകുന്നു. ഇതിന്റെ പല വികാരങ്ങൾ ഇന്നു സാഹിത്യലോകത്തിൽ പ്രത്യക്ഷമാകുന്നുണ്ടെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടതായുമിരിക്കുന്നു.

ഗുരുമുഖത്തിൽനിന്നും ഗ്രന്ഥങ്ങളിൽനിന്നും അഗാധമായ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളവരെന്നു് അഭിമാനിക്കുന്ന മഹാവിദ്വാന്മാർ

പോലും മേൽപ്പറഞ്ഞവിധം ഗവേഷണത്തേയും വിമൎശനത്തേയും വ്യഭിചരിപ്പിക്കുന്നതായി കാണുന്നതു പരിതാപകരമല്ലയോ?

അഭിമാനം ക്ഷന്തവ്യമാണ്; ജ്ഞാനപ്രകടനവ്യഗ്രത അനുകമ്പാൎഹമാണ്; പക്ഷെ, അഹംകാരം അന്യന്റെ തലയ്ക്കു ചവിട്ടി അന്യായമായി പിടഞ്ഞു കയറുന്നതു തീൎച്ചയായും അവഹേളനാൎഹമാണ്! എന്നിട്ടും വിമൎശകന്മാരിൽ ചിലർ ഇന്നു ചെയ്യുകാണുന്നത് ഇതുതന്നെയാണെന്ന് ഇച്ഛാഭംഗത്തോടുകൂടി എടുത്തു പറയേണ്ടിവന്നിരിക്കുന്നു!

പ്രകടമായ യുദ്ധത്തിൽ പോലും, അതു കേവലം പൈശാചികമല്ലെങ്കിൽ, ചില മൎയ്യാദകളെല്ലാം അനുവൎത്തിക്കേണമെന്നാണു പണ്ടേയ്ക്കുപണ്ടേയുള്ള ഒരു നിശ്ചയം. എന്നാൽ വിമൎശനമത്സരത്തിൽ അങ്ങനെയുള്ള മൎയ്യാദകളൊന്നും വേണ്ടാ എന്നു വെച്ചിട്ടുള്ളതുപോലെ തോന്നും. അതു കുറേ കഷ്ടംതന്നെയല്ലേ?

ഒരാൾ ഒരു വിഷയത്തെക്കുറിച്ചു ചൎച്ചചെയ്തു ഒരു പുസ്തകമോ ഉപന്യാസമോ പ്രസിദ്ധപ്പെടുത്തുന്നു. അതിനെ മറെറാരാൾ വിമൎശിക്കുന്നു. വിമൎശകൻ ശരിയായി ചെയ്യേണ്ടതു താൻ വിമൎശിക്കുന്ന ഗ്രന്ഥത്തിൽ പ്രതിപാദ്യവിഷയം എത്രത്തോളം പ്രകാശിച്ചുകാണുന്നുണ്ടെന്നു പ്രസ്പഷ്ടമാക്കുകയാണ്. നേരേമറിച്ചു, വിഷയംതന്നേ വിട്ടുകളഞ്ഞു, ഗ്രന്ഥകാരന്റെ കഴുത്തിൽ കേറി പിടികൂടുന്നു എന്നു വരികിൽ അതു കുറേ സാഹസമായിരിക്കുകയില്ലേ? വാസ്തവത്തിൽ ആയാൾ ചെയ്യേണ്ടതു ഗ്രന്ഥകാരനെ നിവൃത്തിയുള്ളേടത്തോളം വിസ്മരിച്ചുകൊണ്ടു്, പ്രതിപാദ്യവിഷയത്തെക്കുറിച്ചു നിരൂപണം നടത്തുകയാണ്. അതിന്റെ ഏതെല്ലാം അംശങ്ങൾ തെളിഞ്ഞിട്ടുണ്ടു്, ഏതെല്ലാം ഭാഗങ്ങൾ ഒളിഞ്ഞുകിടക്കുന്നുണ്ടു്, എവിടെയെല്ലാമാണു സംശയഗ്രസ്തമായിട്ടുള്ളതു്, പ്രതിപാദനം എത്രത്തോളം ഉദ്ദേശത്തിനൊത്തതായിട്ടുണ്ടു്, എന്നും മററും വിസ്തരിച്ചു വിവരിക്കുവാനാണു വിമൎശകൻ നോക്കേണ്ടതു്. അല്ലാതേ ഗ്രന്ഥകാരൻ മഹാഭോഷനാണെന്നും താൻതന്നെയാണ് ഇന്നു പ്രമാണിയായി നില്ക്കുന്നതെന്നുമുള്ള ഒരു ധാരണ അനുവാചകന്മാരിൽ ഉളവാക്കുവാൻവേണ്ടി ഗ്രന്ഥകാരന്റെമേൽ "കുതിര കയറുവാൻ" വിമൎശകൻ ഒരിക്കലും ഒരുമ്പെടരുതു്. ഗ്രന്ഥത്തിന്റെ ഉള്ളടക്കവും സ്വഭാവവും വിവരിച്ചുകാണിക്കുകയാണ്, തന്റെ സ്വന്തം മേന്മയേ കൊട്ടിയറിയിക്കുകയല്ല, വിമൎശകൻ ചെയ്യേണ്ടതെന്നു ചുരുക്കം.

വിമർശകൻ ആയാളുടേ പാണ്ഡിത്യദർപ്പംകൊണ്ടു തന്റേ കൃത്യം വേണ്ടതുപോലെയല്ല നിർവ്വഹിച്ചതു് എന്നു വെക്കുക. പിന്നെത്തേ ഫലമെന്താണു്? അതു് കഷ്ടാൽ കഷ്ടതരംതന്നേ! ഗ്രന്ഥകാരനോ ആയാളുടേ കക്ഷിക്കാരോ വിമർശനത്തെക്കുറിച്ചു്, അഥവാ വിമർശകനെക്കുറിച്ചു്, ഒരു വിമർശനം എഴുതുകയായി! അതിനെ വിമർശിച്ചുകൊണ്ടു മറെറാരു വിമർശനം ഉടനേ പുറത്തുവരും! ഇങ്ങനെ ഒരു വിമർശനപരമ്പര ചിലപ്പോൾ ആവിർഭവിക്കുന്നതായിക്കാണാറുണ്ടു്. അതിനൊന്നും വിരോധമില്ല. പക്ഷേ എവിടെനിന്നാണു പുറപ്പെട്ടതു്, ഏതുവഴിക്കാണു പോകുന്നതു്, എവിടെയാണു ചെന്നെത്തുന്നതു് ഇതെല്ലാം നോക്കുമ്പോളത്തെ കഥയാണു് ഏററവും ദയനീയമായിത്തോന്നുന്നതു്.

വിഷയമെല്ലാം തീരേ വിട്ടുപോയിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ വിമർശകന്മാർ തമ്മിൽ നടക്കുന്നതു വിഷയവിമർശനമല്ല, വ്യക്തിവിമർശനമാണു്. ഒരുവൻ മറേറവന്റേ തല ചുററിപ്പിടിക്കുന്നു. മറേറവൻ അവന്റേ കഴുത്തുപിടിച്ചു ഞെരുക്കുന്നു. അവയവങ്ങളോരോന്നിനും പരുക്കേല്ക്കുന്നു. അടുത്തു ചേർന്നില്ക്കുന്നവക്കും പലതരം പരുക്കുകളേല്ക്കുന്നു. പോരാ, അവരുടെയെല്ലാം കുടുംബങ്ങളും തറവാടുകളും ജാതിമതസമുദായങ്ങളും ആവാഹിച്ചു വിദ്വേഷാഗ്നിയിൽ ആഹുതിചെയ്യപ്പെടുന്നു! അന്യോന്യം തറവാടികൾ തമ്മിൽ കാണിക്കേണ്ടതായ മര്യാദകൾപോലും പാടേ വിസ്മൃതങ്ങളാകുന്നു! ഒരേ ഒരു മോഹം മാത്രം ബാക്കി നില്ക്കുന്നു—എതിരാളിയേ ചവിട്ടിമെതിച്ചു് അവന്റെമേൽ കേറിനിന്നുകൊണ്ടു ഒന്നു് അട്ടഹസിക്കുവാൻ! സാഹിത്യത്തിലേ ആസുരയുദ്ധമാണു് ഇതെന്നു് ഇനി വേറേ പറയേണ്ടതില്ലല്ലോ ഇതു നിർത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതിനു പ്രധാനമായി സഹകരിക്കേണ്ടവർ പത്രങ്ങളുടേയും മാസികകളുടേയും അധിപന്മാരല്ലാതെ മററാരുമല്ല. അവരാകട്ടേ ചിലപ്പോൾ, പ്രമാണികളോ ഏതെങ്കിലും പ്രകാരത്തിൽ തങ്ങൾക്കു് ഉത്തമർണ്ണത്വം വഹിക്കുന്നവരോ ആയ ലേഖകന്മാരോടു മുഖം മറുത്തുപറയുവാനുള്ള മടികൊണ്ടോ, അല്ലെങ്കിൽ താൽക്കാലിക കോലാഹലത്താൽ പത്രത്തിനുണ്ടാകാവുന്ന പ്രചാരാധിക്യം കണക്കാക്കിയോ വ്യക്തിവിദ്വേഷപരങ്ങളായ വിമർശനങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ "നിർബ്ബന്ധിത"രായും തീരാറുണ്ടു്. ഇങ്ങനേ വിമർശനം വിഷയത്തിൽനിന്നു പുരുഷനിലേയ്ക്കു് അധഃപതിക്കുന്നു. ക്രമേണ, വിമർശകന്മാർ തമ്മിൽ ചേർത്തലപ്പൂരവും കൊടുങ്ങല്ലൂർ ഭരണിയും

അനുസ്മരിപ്പിക്കുമാറുള്ള അന്യോന്യഭർത്സനത്തിൽ മാത്രം വ്യാപൃതരായി സാഹിത്യലോകത്തിൽ വിഷവായുപ്രയോഗം മേല്ക്കുമേൽ നടത്തുന്നു! ഇതിലധികം ശോചനീയമായ ഒരു നില ഭാഷയിൽ ഇനി ഉണ്ടാകേണ്ടതുണ്ടോ?

തെററുകണ്ടാൽ ചൂണ്ടിക്കാണിച്ച് യുക്തിവാദങ്ങളെക്കൊണ്ടും ഉചിതോദാഹരണങ്ങളെക്കൊണ്ടും സ്പഷ്ടമാക്കുന്നത് എല്ലാവരുടേയും കൃത്യമാണ്; സംശയമില്ല. ആൎക്കാണു തെററുവരാത്തത്? പററിപ്പോയ തെററു മനസ്സിലായിക്കഴിഞ്ഞാൽ ഉടനെ സമ്മതിക്കുവാനുള്ള ധാൎമ്മികബോധവും ധൈൎയ്യവും എല്ലാവൎക്കും ഉണ്ടായിരിക്കേണം. പിന്നേയും വെറും ദുരഭിമാനം നിമിത്തം മൎക്കടമുഷ്ടി പിടിച്ചു വിതണ്ഡാവാദം മൂപ്പിച്ചുകൊണ്ടിരിക്കരുത്. അതിലധികം ആത്മാഭിമാനഭൂഷണമായിട്ടുള്ളതു, പിണഞ്ഞുപോയ അബദ്ധം തുറന്നു സമ്മതിക്കുന്നതാണെന്ന് എല്ലാവരും ധരിച്ചാൽ നന്നായിരിക്കും. അതോടുകൂടി, വിമൎശനലോകത്തിലേ വിഷവായുപ്രയോഗം ഇല്ലാതാവുകയും ചെയ്യും. ഇതാണ് ഇന്ന് അത്യാവശ്യമായി വന്നിട്ടുള്ള കാൎയ്യം. വിമൎശകന്മാരും ഗവേഷകന്മാരും ലേഖനങ്ങളെഴുതുമ്പോൾ മേൽപറഞ്ഞ ധൎമ്മം മറക്കാതിരിക്കണമെന്നു പ്രത്യേകം അഭ്യൎത്ഥിച്ചുകൊള്ളുന്നു.

---

## * ചെല്ലൂരീശസ്തോത്രം,

ഓരോ ഗംഭീരരാകും കവികൾ തവ വിശേഷാപദാനത്തെ നൽത്തേൻ-
ധാരോദ്യൽസൂക്തികോലും കൃതികളിലിഹ കീൎത്തിച്ചു കേട്ടീടവേ താൻ
പേരോലും ദേവ ചെല്ലൂരധിപ ശിവ മദാത്മാവിനെത്താവകം കാൽ-
ത്താരോടായ് ച്ചേൎത്തുബന്ധിച്ചിതുദൃഢ,മതു നില്ക്കുന്നിതമ്മട്ടിലിന്നും. 1

നിന്നോരേ മുൻപിൽവന്നില്ലുരുരസമൊടുകൈകൂപ്പിയില്ലേതുമൊന്നും..
തന്നോസ്തോത്രം ജപിച്ചില്ലരിയൊരുമതിലിന്നുള്ളിലായ് പുകവേ താൻ
എന്നേ! രാജാവിനെ തൻ നികടഭുവി സമീക്ഷിച്ചവൻ കള്ളരേപ്പോ-
ലെന്നേ കൈവിട്ടുപായുന്നിതുരുജകൾ മഹാരാജ! ചെല്ലൂർ പുരാനേ! 2

ഇട്ടിക്കിൽദ്ദേവവന്നസ്സകലസുരസമാരാദ്ധ്യമായ് പ്രസ്ഫുരിക്കും-
തട്ടിവ്യാകാരമീക്ഷിപ്പതിനിതുദിവസം യോഗമുണ്ടായമൂലം
മട്ടിഷ്ടക്കേടിനെല്ലാത്തിനുമൊരു ശമമുണ്ടായിതെന്നല്ല ഹൃത്താ-
ലൃട്ടിഷ്ടം കാൎയ്യവും മേ പരമശിവഫലിച്ചെന്നതായ് ഞാൻ നിനപ്പൂ. 3

---

* പെരുഞ്ചെല്ലൂരുക്ഷേത്രത്തിൽ ചെന്നു ദേവദൎശനം ചെയ്തതുസംബന്ധിച്ചു നിൎമ്മിച്ചത്..

ചൊല്ലൂഴിക്കുള്ളിലാകെത്തെളിവിനൊടു വളൎന്നുല്ലസിക്കുന്ന സാക്ഷാൽ-
ചെല്ലൂരീശത്വദീയം പദമരികിലണഞ്ഞിന്നു ദൎശിച്ചമൂലം
ഉല്ലൂനാതങ്കനായേൻ കടുതരമിവനിൽ പ്പെട്ടവൻകെട്ടശേഷം
തല്ലൂതാതന്തുപോലായ് ഝടിതിശിഥിലമായ് വന്നിതെന്നോൎത്തിടുന്നേൻ 4

വൻപാളീടുന്ന കുന്നിൻദരികളിൽ നിവസിക്കേണ്ട, വേണ്ടാതപസ്സും
തൻപാട്ടിൽ തെല്ലുനിൎത്താൻ പണിയുടയൊരക്ഷങ്ങൾ വെല്ലേണ്ടതെല്ലും
നിൻപാദത്തിങ്കൽ വന്നാത്തലചെറുതു കുനിച്ചീടിലത്തവ്വിലേതാ-
നെമ്പാടും സൎവ്വശോകത്തിനുമറുതിവരിച്ചാൎക്ക മാനന്ദമെല്ലാം. 5

തൃക്കണ്ണുല്ലും തുറന്നാലരുകിടുവതു നിൻവില്ലുമാവാസഭൂവും
തക്കത്തിങ്കൽജ്ജടക്കെട്ടഴിയുകിലുടനേ കെട്ടിടും ഫാലനേത്രം
കൈക്കച്ചീറുന്ന പാമ്പാഭരണമുരുശിരസ്സിങ്കലോ തദ്വിജേന്ദ്രൻ
ത്വല്ലും വൃത്തം വിചിത്രം ശിവശിവ തൊഴുതേൻ ദേവചെല്ലൂർ പുരാനേ. 6

വാരാശിക്കുള്ളിൽനിന്നും മഥനദശയിലുൽഭൂതമാം വൻവിഷത്തീ
പാരാകെണ് ഭസ്മമാക്കും നിലയിലുയരവേ ലോകരെങ്ങും പരുങ്ങേ
ഹാരാവം തൂകിയോടിത്രിദശരുഴറവേ ത്വദ്വിഷത്തെക്കുടിച്ചാ-
ഘോരാപത്തിങ്കൽ നിന്നിത്രിഭുവനമവനം ചെയ്തനീ ലോകബന്ധു. 7

ഭൂതം പ്രേതം പിശാചും സുരരുമസുരരും കാളിയും കൂളിയും ത-
ച്ചേതസ്സിങ്കൽ സ്മരിച്ചാലവരുടെ നിലയേപ്പററിയാലോചിയാതേ
ജാതം കാരുണ്യമോടാശ്രിതപദവിയവൎക്കേററമേകിത്തുണയ്ക്കും-
നീതാന്ന ലോകരെത്തസമനിലയിൽ നിരീക്ഷിച്ചിടും യോഗിവൎയ്യൻ. 8

ദൈത്യൻ ദേവൻ മഹാനാം നൃവരനൃഷികൃഷിക്കാരനിബ്ഭേദമൊന്നും
മത്യന്തത്തിൽ ഗണിക്കാതെവനെയുമൊരുപോലാശ്രയിപ്പോനെനന്നായ്
നിത്യം രക്ഷിച്ചഭീഷ്ടം സകലവുമരുളും നാഥ! നിന്നേ മറന്ന
മ്മൎത്ത്യന്മാർ ദുഷ്ടധൃഷ്ടപ്രഭുവരരെ നിഷേവിപ്പതാണത്ഭുതം മേ. 9

കൈനീട്ടും മുൻപുഭക്തൎക്കഭിമതമഖിലം കൌതുകത്തോടു നല്കാൻ
നീനില്ക്കും വിട്ടുചെല്ലൂരിഹഭുവനപതേ ദേവവൎത്തിച്ചിടുമ്പോൾ
ഭൂനീളെസ്സഞ്ചരിച്ചങ്ങിനെയൊരു സുഖമില്ലാതെ ധൃഷ്ടപ്രഭുക്കതം
ധീനീറും വാക്കുകേട്ടജ്ജളർ നരരുഴറിപ്പാഴിലാക്കുന്നു ജന്മം. 10

എന്നാവേംതില്ലനിൻപേരൊഴികെയിതരനാമങ്ങൾ താൻ ലീലയായും
നിന്നാകാരംവിനാ മറെറാരുതനുകുടിവയ്ക്കില്ലമച്ചിത്തമുള്ളിൽ
വന്നാപത്തെത്തിയാലും മമതലകുനിയില്ലന്യദേവന്റെ കാലിൽ-
കിംനാനോക്തങ്ങളാലേ ഫലമിഹ മമ സൎവ്വസ്വവും ശൎവ്വ നീതാൻ. 11

ച്ചററിക്കണ്ടേടമെല്ലാമുഴറിയൊട്ടുവിലന്നിന്നെ വീക്ഷിക്കയാലേ
തെററിക്കൈവിട്ടുപോയുള്ളൊരു നിധിയഥ കൈക്കൊണ്ടവൻ തെണ്ടിയേപ്പോൽ
ഏററിഭാനന്ദമിന്നെന്നകതളിർ കളിരേൽക്കുന്നു പാപക്കട്ടം കെ-
ട്ടററിപ്പോം സൽസ്വതന്ത്രസ്ഥിതിയെയധിഗമിച്ചിടിനേൻ പൂർവ്വപുണ്യാൽ. 12

മുത്താളീടുന്നനന്ദീശ്വരമുഖർ സുഭഗം ഭേരിതാക്കിത്തകത്തും
നത്താളം പൂണ്ടുദേവപ്രമദകളരികേ മഞ്ജുവായ് ഗാനമാന്നും
ഏത്താരാകെക്കുളക്കെഗ്ഗിരിജമിഴിയെട്ടുക്കാതെ വീക്ഷിച്ചുമന്നിൻ
നൃത്താടോപം ജയിക്കുന്നിതുരസഭരിതം നാഥമെല്ലൂർ പുരാനേ! 13

(തുടരും)

വടക്കുംകൂർ രാജരാജവർമ്മരാജാ

---

# ശിവപുരാണത്തിൻെറ കത്താവു്.

ശിവപുരാണത്തിൻെറ കർത്തൃത്വം കവികലകൂടസ്ഥനായ തുഞ്ചത്തെഴുത്തച്ഛനിൽ അടുത്തകാലംവരെ കെട്ടിവെച്ചിരുന്നു. എന്നാൽ ഈയിടെയായി ഫലിതകവിരാജനായ കുഞ്ചൻനമ്പ്യാരെ അതിൻെറ പ്രണേതാവായി കരുതുന്നതിന് പല സഹൃദയന്മാരും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. തുള്ളൽ കഥകളും ശിവപുരാണവും തമ്മിലുള്ള ആന്തര സാദൃശ്യത്തേയും മററും പരിഗണിച്ചാണ് ഈ നവീനാഭിപ്രായം പൊട്ടിപ്പുറപ്പെട്ടതും. ശിവപുരാണത്തിലെ പല ഭാഗങ്ങളും തുള്ളൽകഥകളുമായുള്ള സാദൃശ്യം എല്ലാം ഒരാളുടെ കൃതികളെന്നുള്ള അനുമാനത്തിനു ബലകമാകത്തക്കവണ്ണം അത്ഭുതാവഹവുമാണ്.

'ജ്യോതിഷക്കാരനും മന്ത്രവാദികളുമച്ഛാതുഷ്ടമേറുന്ന വൈദ്യനും വേശ്യയും
ഏതും മടിക്കാതെ വേണ്ടതു നൽകുവാൻ ഭൂതലസ്വാമികൾക്കില്ലൊരു സംശയം.
മററുള്ള ശാസ്ത്രങ്ങളെല്ലാം പണിപ്പെട്ടു പഠിച്ചുകൊണ്ടു നടക്കുന്ന ഭോഷനു
കൊററുമാത്രം പോലുമെങ്ങും കഴിവരാ മററുള്ള സംസാരമെന്തു പിന്തിപ്പതും'

എന്ന ഭാഗം ശിവപുരാണത്തിലും ഹരിണീസ്വയംവരം തുള്ളലിലും കാണാനുണ്ട്. 'ഭൂതലസ്വാമികൾ' എന്നതിനു 'ഭൂതലവാസികൾ' എന്നൊരു വ്യത്യാസം മാത്രമേയുള്ളൂ. ശിവപുരാണം ശബരമാഹാത്മ്യവും പുളിന്ദീമോക്ഷം തുള്ളലും, അതിലെ പ്രദോഷമാഹാത്മ്യവും പ്രദോഷമാഹാത്മ്യം തുള്ളലും തമ്മിൽ വളരെ അടുത്ത സാദൃശ്യം അടിമുതൽ മുടി

വരെ കാണാവുന്നതാണ്. വൃത്തഭേദം കൊണ്ടുവന്നിട്ടുള്ള വ്യത്യാസമേ അവതമ്മിൽ പ്രകടമായുള്ളു. പുളിന്ദീമോക്ഷം തുള്ളലിലെ—

‘ജനിച്ചു പണ്ടൊരുവേടൻ വനത്തിൽ ചണ്ഡകാഖ്യൻ പോൽ
തനിച്ചു ശക്തിയാൽ ധീരൻ മൃഗങ്ങൾക്കൊക്കവേ കാലൻ.
ഭുജത്തിൽ ചാപവുമേന്തി ഹരിവ്യാഘ്രമൃഗത്തേയും
ഗജത്തേയും കലചെയ്തു വനത്തിൽ സഞ്ചരിക്കുമ്പോൾ
ഒരു കാട്ടിലൊരു കോട്ടിൽ ശിവക്ഷേത്രമവൻകണ്ടു
തുരുമ്പിച്ചുടവുംവീണു തകർന്നു വാതലും നാസ്തി
മത്തഹസ്തി കുലംവന്നു ഭിത്തികുത്തിത്തകർക്കുമ്പോൾ
ഉത്തരം പട്ടികളുണ്ടും സതപരം വീണുടൻ പൊട്ടി
കാററുവെയിലും മഴമഞ്ഞു മേററുംകൊണ്ടുകിടക്കുന്നു.
പോററിതന്റെ ശിവലിംഗം പോററുവാനൊരുത്തനും നാസ്തി
പൂജകൂടാതൊരു ദിക്കിൽ വീണുരുണ്ടു കിടക്കുന്നു
തേജസാ സൂര്യസങ്കാശം ജ്വലിക്കുന്നു ശിവലിംഗം’

എന്ന ഭാഗം, ശബരമാഹാത്മ്യത്തിൽ—

‘ജനിച്ചു പണ്ടൊരു വേടൻ വനത്തിൽ ചണ്ഡകാഖ്യൻ പോൽ
തനിച്ചു ശക്തിമാൻ ധീരൻ മൃഗങ്ങൾക്കൊക്കവേ കാലൻ
ഭുജത്തിന്റെ ബലംകൊണ്ടു ഹരിവ്യാഘ്രവ്രജത്തേയും
ഗജത്തേയും കൊലചെയ്തു വനത്തിൽ സഞ്ചരിക്കുമ്പോൾ
ഒരു കാട്ടിലൊരു കോട്ടിൽ ശിവക്ഷേത്രമവൻകണ്ടു
നുറുങ്ങിച്ചുടവും വീണു തകർന്നു വാതിലും വീണു.
സമസ്തംഭിത്തിയും പോയിക്കുളവും കൂപവും തൂർന്നു
ഹിമവർഷങ്ങളും പിന്നെ കാററുമേററു ശിവലിംഗം
പൂജകൂടാതൊരു ദിക്കിൽ കിടക്കുന്നു മഹാദിവ്യം
തേജസാ സൂര്യസങ്കാശം ജ്വലിക്കുന്നു സദാകാലം’

എന്നിങ്ങനെ മാത്രമേ വേഷം പകരുന്നുള്ളു. അതുപോലെ ചന്ദ്രാംഗദചരിതം തുള്ളലും ശിവപുരാണത്തിലെ സോമവാരവ്രതവുമായി കാണുന്ന സാദൃശ്യം ഏകകർത്തൃത്വപ്രബോധത്തിനു സാധകമാണ്.

തിരുവിതാംകൂർ സർവ്വകലാശാലയിലെ താളിയോലഗ്രന്ഥശേഖരത്തിലുള്ള 232-ാം നമ്പ്ര് ശിവപുരാണം താളിയോലഗ്രന്ഥത്തിൽ “ഇതി രാമപാണി വിരചിതേ ശിവപുരാണേ സിംഹധ്വജകഥാസമാപ്തം” എന്നു രേഖപ്പെടുത്തിരിക്കുന്നു. ഗ്രന്ഥത്തിന് നൂററിൽചില്ലുവാനം കൊല്ലത്തെ പഴക്കമെങ്കിലും ഉണ്ടായിരിക്കണമെന്ന് അതിലെ എഴ

ത്തിൻെറ വടിവും ഗ്രന്ഥത്തിൻെറ സ്ഥിതിയുംകൊണ്ടു് ഊഹിക്കുന്ന തിൽ അപാകമില്ല. ഗ്രന്ഥം പകത്തിയെഴുതിയ ആളിൻെറ കയ്യട യിൽത്തന്നെയാണു് മുന്നുദ്ധരിച്ച വാചകം എഴുതിയിട്ടുള്ളതും. ഏതാ യാലും അതു് പകത്തിയെഴുതിയ ആളിൻെറ അറിവിൽ ശിവപുരാണ കത്താവു് രാമപാണിവാദനാണെന്നു് നിസ്സംശയമാണു്.

ശിവപുരാണം കിളിപ്പാട്ടിലെ ഏതാനും ഭാഗങ്ങളും നളചരിതം കിളിപ്പാട്ടിലെ ചില ഭാഗങ്ങളും തമ്മിലുള്ള സാദൃശ്യവും ചിന്താഹ മാണു്.

'വിദ്വാൻ വിവേകീ വിനിതൻ വിശുദ്ധിമാൻ
വിദ്വേഷ്യഭീഷണൻ വീരൻ വിശാംപതി'

എന്ന പ്രദോഷമാഹാത്മ്യപംക്തിയും,

'വീരൻ വിശാംപതി
ധീരൻ ജഗത്രയസാരൻ ഗുണാകരൻ
വിദ്വാൻ വിനീതൻ വിശാലവിലോചനൻ
വിദ്യോതമാനൻ വിദഗ്ദ്ധൻ വിമത്സരൻ'

എന്ന നളചരിതഭാഗവും തമ്മിലും,

'പുഞ്ചിരിക്കൊഞ്ചലും കൺമയക്കങ്ങളും
നെഞ്ചിൽ തറച്ചാലൊഴിച്ചുകൊൾവാൻ പണി
ചില്ലീവിലാസവും നല്ലോരുഹാസവും
സല്ലാപസൌജന്യകല്യാണലീലയും
എല്ലാം നിരൂപിച്ചു മല്ലാക്ഷിമാരുടെ
വല്ലാത്ത കൺമുനത്തല്ലാൽ വശംകെട്ടും'

എന്ന പ്രദോഷമാഹാത്മ്യഭാഗവും,

നല്ലോരുഹാസവും ചില്ലീവിലാസവും
കല്ലോലിതങ്ങളാം തല്ലോചനങ്ങളും
ഫുല്ലാംബുജപ്രൌഢി വെല്ലും മുഖാബ്ജവും
സല്ലാപഭംഗിയും ചൊല്ലേറുമാകാര
വല്ലവാം ഭോജവും നല്ല സൌന്ദര്യവും

എന്ന നളചരിതഭാഗവും തമ്മിലും വളരെ സാദൃശ്യമുണ്ടു്. ഇതുപോ ലെ സാദൃശ്യമുള്ള വേറെയും പല ഭാഗങ്ങൾ അവയിലുണ്ടു്. തിരുവി

താംക്രൂർ സർവ്വകലാശാലവക താളിയോലഗ്രന്ഥശേഖരത്തിലുള്ള ഒരു നളചരിതം ഗ്രന്ഥത്തിൽ 'ഇതി രാമപാണിവാദവിരചിതം നളചരിതം എന്ന് അവസാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കുഞ്ചൻനമ്പ്യാരുടെ പേരിൽ പതിഞ്ഞുകിടക്കുന്ന വേറേയും ചില കൃതികൾ രാമപാണിവാദകൃതികളാണെന്ന് അഭ്യൂഹിക്കുവാൻ സഹായിക്കുന്ന തെളിവുകൾ അവയുടെ താളിയോലപ്രതികളിൽ കാണാനുണ്ട്. ഈ താളിയോലഗ്രന്ഥപ്രസ്താവങ്ങൾ വിശ്വാസയോഗ്യങ്ങളല്ലെന്നും മററും ചില ഗവേഷകന്മാർ പറഞ്ഞുതുടങ്ങിയിരിക്കുന്നു. എന്നാൽ വാസ്തവത്തിൽ ഇന്നുള്ളവരുടെ വെറും അഭ്യൂഹങ്ങളേക്കാൾ കൂടുതൽ പ്രാമാണ്യമെങ്കിലും അവയ്ക്കു നൽകാവുന്നതാണെന്നുള്ളതു് നിസ്തർക്കമാണ്. ഏതെങ്കിലും അടിസ്ഥാനമില്ലാതെ, കേട്ടുകേൾവിയോ ഐതിഹ്യമോ കൂടാതെ വിവരങ്ങൾ താളിയോലപ്രതികളിൽ എഴുതിച്ചേർക്കുകയില്ല. ഈ രേഖാപ്രമാണങ്ങളെ തീരെ നിരസിക്കുന്നതു് ബുദ്ധിപൂർവ്വമായിരിക്കയില്ല. ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിൻെറ പ്രതികളിൽ—

'രാമേണ പാണിവാദേന രചിതേ മിശ്രസംസ്കൃതേ
ശ്രീകൃഷ്ണചരിതേ കാവ്യേ മുതൽസർഗ്ഗഃ സമാപിതഃ'

എന്നു കാണുന്നതും ഏകാദശി മഹാത്മ്യത്തിൻെറ ചില പ്രതികളിലുള്ള

രാമേണ പാണി വാദേന മംഗലഗ്രാമവാസിനാ
രുക്മാംഗദസ്യ ചരിതം രചിതം ഗീതബന്ധനം.

എന്ന പദ്യവും മററും ഇവ രാമപാണിവാദകൃതമാണെന്നുള്ളതിന് ഏറെക്കുറെ തെളിവാണ്. ഇവയിലും ശിവപുരാണം, നളചരിതം, തുള്ളൽക്കഥകൾ എന്നിവയിലും സമാനഭാഗങ്ങളും സാദൃശ്യമുള്ള ഭാഗങ്ങളും കാണുന്നുവെന്ന സംഗതിയോടൊത്തുനോക്കുമ്പോൾ ഈ താളിയോലഗ്രന്ഥപ്രസ്താവങ്ങൾ പരിത്യാജ്യങ്ങളല്ലെന്ന് നിർമ്മത്സരബുദ്ധികൾ സമ്മതിക്കും. ബാഹ്യവും ആന്തരികവുമായ തെളിവുകൾക്കു പൊരുത്തമുണ്ടെങ്കിൽ ഏകകർത്തൃത്വസ്ഥാപനത്തിന് സാധകമായി കരുതുന്നതു് മിക്കവാറും ഭദ്രമായിരിക്കും.

കുഞ്ചൻനമ്പ്യാരെപ്പററി പ്രചാരത്തിലുള്ള പല ഐതിഹ്യങ്ങളും രാമപാണിവാദനെ സംബന്ധിച്ചവയാണെന്ന് കരുതേണ്ടതുണ്ട്. ഒരു പരദേശപണ്ഡിതനെ തോല്പിച്ച് രാജസമ്മാനം സമ്പാദിക്കുന്നതിനായി തെക്കേടത്തു ഭട്ടതിരിക്കു കുഞ്ചൻനമ്പ്യാർ ഒരു രാത്രികൊണ്ടു എഴ

തിക്കൊട്ടത്തതാണ് ശ്രീകൃഷ്ണചരിതം മണിപ്രവാളമെന്ന് ഒരു പ്രവാദമുണ്ട്. (കുഞ്ചൻനമ്പ്യർ, പേ. 31) എന്നാൽ ഈ ഐതിഹ്യം രാമപാണിവാദകൃതമായ രാഘവീയമഹാകാവ്യത്തെ സംബന്ധിച്ചതാണ്. അതിൻെറ ഉപോൽഘാതത്തിൽ കാണുന്ന—

യോഽഭൂദങ്കുരിതോ മനോരഥ തരുശ്ചിത്താലവാലേ പുരാ
ത്വദ്ധസ്തേ സ തു ചോളഖണ്ഡന നിബന്ധാവസ്ഥിതിജ്ഞാനതഃ
പശ്ചാൽ പല്ലവിതസ്തതഃ കുസുമിതസ്ത്വദ്ഗ്രുണ്യതാകണ്ണനാം
ത്വദ്ഗ്രന്ഥാഗ്ര്യ സമപ്പണേന സഫലീകുര്യാത്തമേനം ഭവാൻ.

എന്ന പദ്യത്തിൽ ഇതു് സൂചിപ്പിച്ചിരിക്കുന്നു. എന്നുതന്നെയുമല്ല, പരദേശപണ്ഡിതനെ മനഃപൂവ്വം തോല്പിക്കുന്നതിനായി മണിപ്രവാളകാവ്യം എഴുതണമെന്ന് ദേവനാരായണരാജാവ് ആജ്ഞാപിച്ചിരിക്കാനിടയില്ല. കുഞ്ചൻനമ്പ്യാരും ചാക്യാരുമായുള്ള കലഹകഥയും രാമപാണിവാദനെ സംബന്ധിച്ചുണ്ടായതായിരിക്കണം. വടക്കുംകൂർ രാജരാജവമ്മരാജാ അവർകൾ കണ്ടെത്തിയ 'ദൌർഭാഗ്യമഞ്ജരി' എന്ന ഏകാങ്കനാടകം (സാഹിത്യമഞ്ജുഷിക രണ്ടാംഭാഗം പേ. 226—228) ഈ അനുമാനത്തിനു താങ്ങാണ്. അതിൻെറ കൂടെയുള്ളതും സംസ്കൃതത്തിലുള്ളതുമായ മററുരണ്ടു ഹാസ്യകൃതികളിലും നായകൻ ചാക്യാരും നായിക നങ്ങ്യാരുമാണ്. ഗ്രന്ഥകാരനെ അരങ്ങത്തുവെച്ചു് ശകാരാഭിഷേകം ചെയ്ത ഏതോ ഒരു ചാക്യാരോടു പകവീട്ടുവാൻവേണ്ടി നിമ്മിച്ചവയാണ് ഈ ഹാസ്യകൃതികളെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ഇതുപോലെതന്നെ, കൃഷ്ണവിലാസവ്യാഖ്യാനമായ വിലാസിനി കൂടല്ലൂർ മഹാവിദ്വാനേ കാണിച്ചപ്പോൾ 'മന്ദാരമധുമത്തയാ' എന്നു തുടങ്ങിയ പ്രശംസാപത്രം നൽകിയെന്നുള്ള ഐതിഹ്യം സ്വീകാരയോഗ്യമാണ്.

ഇങ്ങനെ ബാഹ്യവും ആന്തരികവുമായ തെളിവുകളെ പരിഗണിക്കുമ്പോൾ ശിവപുരാണകത്താവ് രാമപാണിവാദനാണെന്നും കുഞ്ചൻനമ്പ്യാരിൽനിന്നും ഭിന്നനല്ലെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. രാമപാണിവാദനും ഫലിതവാസനയും പരിഹാസകൌശലവുമുള്ള കവിമൂൎദ്ധന്യനാണെന്നു അവിതക്കിതമാണ്. ഏതായാലും കിട്ടിക്കൊണ്ടിരിക്കുന്ന പുതിയ തെളിവുകൾ അവരുടെ അഭിന്നത്വത്തിന് അനുകൂലമാണ്. പഴയ മുത്തശ്ശികഥകളേയും ഇന്നത്തെ വെറും അഭ്യൂഹങ്ങളേയുംകാൾ താളിയോലഗ്രന്ഥപ്രസ്താവങ്ങൾക്കും ഗ്രന്ഥാന്തർഗ്ഗത സാദൃശ്യങ്ങൾക്കും വില കല്പിക്കാമെങ്കിൽ ആ തീർച്ചയിൽ തന്നെ എത്തേണ്ടിവരും.

എം. ആർ. ബാലകൃഷ്ണവാര്യർ. എം. എ.

# മണിപ്രവാളസ്വരൂപം.

ഒരു മറുപടി.

സംസ്കൃതവൃത്തങ്ങളിൽ നിബന്ധിച്ചിരിക്കുന്ന ഭാഷാവാങ്മയങ്ങളെ മണിപ്രവാളമെന്നും ഭാഷാവൃത്തങ്ങളിൽ നിബന്ധിച്ചിരിക്കുന്നവയെ കിളിപ്പാട്ട് അല്ലെങ്കിൽ പാട്ട് എന്നും കേരളത്തിലെസാധാരണജനങ്ങൾ—ലീലാതിലകം നല്ലപോലെ വായിച്ചിട്ടില്ലാത്തവർ— ലീലാതിലകവിരുദ്ധമായി വ്യവഹരിച്ചുവരുന്നുണ്ടെങ്കിലും അതിനെ അത്ര കാര്യമാക്കേണ്ട ആവശ്യമില്ലെന്നുവെക്കാം. "വാസനകേട്ടു" എന്നും മററും സംഭാഷണത്തിൽ പ്രയോഗിക്കുക പതിവാണെങ്കിലും അവയെ ആരും വകവെക്കാറില്ലല്ലോ? എന്നാൽ പദാൎത്ഥനിൎവ്വചനത്തിന്നൊരുമ്പെട്ട ഒരു ഗ്രന്ഥകാരൻ വാസന ശ്രോത്രേന്ദ്രിയഗ്രാഹ്യമാണെന്ന് ഉപദേശിക്കുന്നതായാൽ സാരമില്ലെന്നു സചേതനന്മാൎക്കുപേക്ഷിക്കുവാൻ തരമുണ്ടോ? അത്തരം ഉപദേശം വിദ്യാൎത്ഥികളെ വഴിപിഴപ്പിക്കയില്ലേ? നിലവിലിരിക്കുന്ന ആററൂരിൻെറ പരിഭാഷയെ അവഗണിച്ച് ലീലാതിലകത്തിന്ന് സ്വന്തം പരിഭാഷ നിൎമ്മിച്ചു പുറത്തിറക്കിയ ശ്രീമാൻ കേ. വി. എം. ആ പുസ്തകത്തിൻെറ അവതാരികയിൽ "സംസ്കൃതത്തിൽ ഉപയോഗിച്ചുവരുന്നവയും ഛന്ദശ്ശാസ്ത്രത്തിൽ വിധിച്ചിട്ടുള്ളവയുമായ ഛന്ദസ്സുകളിൽ നിൎമ്മിതങ്ങളായ പദ്യങ്ങൾ മാത്രമെ മണിപ്രവാളത്തിൽ പെടുകയുള്ളു" എന്നു പറഞ്ഞിരിക്കുന്നതിൻെറ സ്ഥിതിയും അത്തരത്തിലാകയാലാണ് അതിനെ സംബന്ധിച്ച് കുറഞ്ഞൊന്ന് എനിക്കു പറയേണ്ടതായിവന്നതു്. ശ്രീമാൻ കെ. വി. എം. എൻെറ ഒരു പ്രിയസുഹൃത്തുതന്നെയാണ്. അതുകൊണ്ടുമാത്രം, യഥാശക്തി ഭാഷാദേവിയെ സേവിച്ച് കാലം കഴിക്കുന്ന ഒരാൾക്കു ഭാഷാവിഷയമായ അപകാരം കണ്ടുകൊണ്ട് മൌനംഭജിക്കാൻ തരമുണ്ടോ? അതു വലുതായ അധൎമ്മമാണെന്നാണ് എൻെറ വിശ്വാസം. ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്നതു് അബദ്ധമാണെന്നറിഞ്ഞുകൊണ്ട് എങ്ങിനെയാണ് മിണ്ടാതിരിക്കുക. എന്നാൽ ആ അഭിപ്രായം ലീലാതിലകദൃഷ്ട്യാ തീരെ ക്ഷോദക്ഷമമല്ലെന്നിരിക്കിലും ഒരു പണ്ഡിതൻേറതാണെന്ന ബോധത്താൽ മാത്രമാണ് "മണിപ്രവാളസ്വരൂപം" എന്ന എൻെറ ഉപന്യാസത്തിൽ ശാസ്ത്രകാരന്മാർ ചെയ്യാറുള്ളതുപോലെ ഒരു യഥാശ്രുത

ഗ്രാഹിയുടെ പൂർവ്വപക്ഷത്തിന്റെ നിലയിൽ അതിനെ സപരികരം പ്രദശിപ്പിച്ചു് സപ്രമാണം നിരസിച്ചിരിക്കുന്നതു്.

ശ്രീമാൻ കെ. വി. എം, അവർകൾ തന്റെ മറുപടിയിൽ (കൈരളിയുടെ തുലാം ലക്കത്തിൽ) ഞാൻ ഉപന്യസിച്ച പൂർവ്വപക്ഷസിദ്ധാന്തങ്ങളെ ക്രോഡീകരിച്ചനുവദിക്കയാണെന്ന ഭാവത്തിൽ ഏതാനും അസംബദ്ധങ്ങൾ നിർദ്ദേശിക്കുകയും ചില യുക്ത്യാഭാസങ്ങളെ പ്രദശിപ്പിക്കുകയും ചെയ്തുകൊണ്ടു് എന്റെ പൂർവ്വപക്ഷം സിദ്ധാന്തവും സിദ്ധാന്തം പൂർവ്വപക്ഷവുമാണെന്നു് സ്ഥാപിച്ചിരിക്കുന്നതായി വിചാരിക്കുന്നു. അതിനാൽ, അതിനെപ്പററിയും സ്വല്പം പറയാതെ കഴികയില്ലെന്നാണു് വന്നിരിക്കുന്നതു്. അങ്ങിനെ പറയുന്നതുകൊണ്ടു് സൌഹാർദ്ദത്തിനും പ്രിയതയ്ക്കും ന്യൂനതയോ അഭാവമോ സംഭവിച്ചിട്ടുണ്ടെന്നോ മററോ എന്റെ പ്രിയസുഹൃത്തു് സംഭാവനം ചെയ്കയില്ലെന്നാണെന്റെ വിശ്വാസം.

എന്റെ ഉപന്യാസസാരത്തെ ആറു ഖണ്ഡികകളായിട്ടാണു് കൈരളിയിൽ അനുവദിച്ചുകാണുന്നതു്. എന്നാൽ, ആ അനുവാദം ആകപ്പാടെ അസംബദ്ധമാണെന്നു് ആദ്യമായി പറയേണ്ടിയിരിക്കുന്നു.

'ചന്ദനംകൊണ്ടോ' ശ്ലോകം ചൊല്ലു' ഇത്യാദിയിലെന്നപോലെ 'മന്നിൽക്കുളിത്ത മുഖമണ്ഡപം—'' ഇത്യാദിയിലും ഭാഷാസംസ്കൃതിയോഗമുള്ളതിനാൽ അവയും മണിപ്രവാളമാകുമെന്നോ പൂർവ്വാപരസാഹചര്യത്താൽ അവയിൽ ഭാഷാസംസ്കൃതയോഗമുള്ളതായി വിചാരക്കാമെന്നോ പറയുന്നതു് യുക്തമാകയില്ല.'' എന്നിങ്ങനെയുള്ള അനുവാദം തീരെ അപാത്ഥവും വിരുദ്ധവുമാണെന്ന വസ്തുത എന്റെ ഉപന്യാസം വായിച്ചിട്ടുള്ളവക്കൊക്കയും സ്പഷ്ടമാണു്.

'ചന്ദനം കൊണ്ടോ' ശ്ലോകം ചൊല്ലു' ഇത്യാദിയിൽ ആചാര്യൻ ഉപപാദിച്ചിരിക്കുന്ന പ്രകാരം 'മണ്ഡപം' എന്നതു് വിഭക്ത്യന്തസംസ്കൃതപദമാകുന്നതിനാൽ ''മന്നിൽക്കുളിത്ത മുഖമണ്ഡപം—'' എന്ന പദ്യത്തിൽ വിവക്ഷിതമായ യോഗമുള്ളതുകൊണ്ടും ''ഏതേതുമൊന്നിന്നു്—'' ഇത്യാദി പദ്യങ്ങളിൽ പൂർവ്വാപരസാഹചര്യത്താൽ താദൃശയോഗം ഉപപാദിക്കാവുന്നതുകൊണ്ടും മണിപ്രവാളത്വം സുവചമാകയാൽ ആവക ഉദാഹരണങ്ങൾ യുക്തങ്ങളാണെന്നാകുന്നു ഞാൻ സിദ്ധാന്തി

ച്ചിരിക്കുന്നതു്. ചിങ്ങം ലക്കം രാജർഷിയിലെ 30-ാംഭാഗം നോക്കുക. അനുവാദ്യത്തിന്നും അനുവാദത്തിന്നുമുള്ള വൈപരീത്യം എത്ര ഭയങ്കരമായിരിക്കുന്നു. മി. കേ. വി. എം. ഇങ്ങിനെ വിപരീതമായനുവദിച്ചതു് കാര്യ്യം ഗ്രഹിക്കാൻ കഴിയാഞ്ഞിട്ടോ കല്പിച്ചുകൂട്ടിയോ? പ്രധാനങ്ങളായ അംശങ്ങളെ ഉപേക്ഷിച്ചു് ആനുഷംഗികമായി നിർദ്ദേശിച്ച സംഗതികളെ പ്രധാനഭാവത്തിൽ അനുവദിച്ചിരിക്കുന്നതിനെകുറിച്ചൊന്നും ഇവിടെ വിസ്തരിക്കുന്നില്ല.

എന്റെ വാദഗതിയുടെ അനുവാദദേശ്യങ്ങളായ ആറു ഖണ്ഡികകളിൽ ആദ്യത്തെ രണ്ടെണ്ണം മാത്രം പൂർവ്വപക്ഷവും മുൻകാണിച്ച അഞ്ചാംഖണ്ഡികയെ തിരുത്തിശ്ശരിയാക്കുന്നപക്ഷം അതടക്കം ബാക്കിയുള്ള നാലു ഖണ്ഡികകളിൽ 3, 4, 5 എന്നീ മൂന്നെണ്ണം സിദ്ധാന്തസ്ഥാപനപ്രകാരങ്ങളും ആറാമത്തേതു് കേവലം സിദ്ധാന്തനിഗമനവുമായിരിക്കെ, "മേൽകാണിച്ചവയിൽ ഒന്നുമുതൽ അഞ്ചുകൂടിയുള്ള ഖണ്ഡികകളിൽ പറഞ്ഞവ പൂർവ്വപക്ഷങ്ങളും ആറാംഖണ്ഡികയിലെ കാര്യ്യം സിദ്ധാന്തവുമാണെന്നാണ് വിചാരിക്കേണ്ടതു്" എന്നിങ്ങിനെ വിചാരിക്കയും ആ അബദ്ധവിചാരത്തെ അവലംബിച്ചു് പ്രവർത്തിക്കയുമാണ് കേ. വി. എം. അവർകൾ ചെയ്തിരിക്കുന്നതു്.

അതിരിക്കട്ടെ; "ഭാഷാസംസ്കൃതയോഗം വസന്തതിലകാദിസംസ്കൃതവൃത്തനിബദ്ധമായ പദ്യത്തിൽ ആയിരുന്നാലേ മണിപ്രവാളമാകൂ" എന്നും അതുതന്നെയാണ് ആചാര്യ്യന്റെ അഭിപ്രായമെന്നുമുള്ളതിലേക്കു് ശ്രീമാൻ കെ. വി. എം. കൊണ്ടുവന്നിട്ടുള്ള യുക്തികളും പ്രമാണങ്ങളും എത്രത്തോളം ശക്തങ്ങളാണെന്നു് ഒന്നു പരിശോധിച്ചുനോക്കാം. ശ്രീമാൻ കേ. വി. എം. പറയുന്നു:—

"ഭാഷാസംസ്കൃതയോഗം പദ്യത്തിലായാലും ഗദ്യത്തിലായാലും ഉഭയരൂപത്തിലായാലും അതിന്നു് മണിപ്രവാളത്വമുണ്ടെന്നു് സ്ഥാപിച്ചു. ഇവിടെ ആചാര്യ്യൻ മണിപ്രവാളമെന്ന പദംകൊണ്ടു് മണിപ്രവാളരൂപേണയുള്ള കാവ്യത്തേയാണ് വിവക്ഷിച്ചിരിക്കുന്നതു്: സഹൃദയഹൃദയാവർജ്ജകമായ പദസമവായത്തേയും അപ്പോൾ മണിപ്രവാളമെന്നു പറയുവാൻ വിരോധമില്ലല്ലോ. രസാത്മകമായ വാക്യമാണ് കാവ്യമെന്നു പറയുമ്പോൾ രസാത്മകങ്ങളായ അനേകവാക്യങ്ങൾ അടങ്ങിയ കവിത എന്നാണല്ലോ താൽപര്യ്യം ഗ്രഹിക്കേണ്ടുള്ളതു്. എന്നാൽ ഒരു കാവ്യത്തിലടങ്ങിയ രസാത്മകവാക്യങ്ങളിൽ ഓരോന്നും കാ

വ്യംതന്നെയാണ്. അപ്പോൾ ഒരു കവിതയെ കാവ്യമെന്നു പറയുന്നതു പോലെ അതിൽ കാവ്യം അടങ്ങിയിരിക്കുന്നുവെന്നും പറയാവുന്നതാണ്. ഇതുപോലെതന്നെയാണ് മണിപ്രവാളത്തിൻെറ കാൎയ്യവും. ഭാഷാസംസ്കൃതയോഗമുള്ള കവിതയെ മണിപ്രവാളമെന്നു പറയാം. ഒരു കവിതയിലടങ്ങിയ ഭാഷാസംസ്കൃതമയങ്ങളായ വാക്യങ്ങളേയും മണിപ്രവാളമെന്നു പറയാം. എന്നാൽ ഈ ഭാഷാസംസ്കൃതയോഗം വസന്തതിലകാദിസംസ്കൃതവൃത്തനിബദ്ധമായ പദ്യത്തിലായിരുന്നാലേ മണിപ്രവാളമാകൂ എന്ന് ആചാൎയ്യന്ന് അഭിപ്രായമുണ്ടെന്നുള്ളതു് സ്പഷ്ടമാണ്'' എന്ന്.

ഇത്യാദി ഉപപാദനപ്രകാരങ്ങൾ പ്രകൃതാനുപയോഗികളും അസംബദ്ധങ്ങളും പരസ്പരവിരുദ്ധങ്ങളും ആകയാൽ തീരെ വിചാരസഹങ്ങളല്ല. ഭാഷാസംസ്കൃതയോഗമുള്ള കവിതയെ മണിപ്രവാളമെന്നും ആ കവിതയേയോ അഥവാ ആ കവിതയിലടങ്ങിയ വാക്യങ്ങളേയോ അനേകം മണിപ്രവാളങ്ങളെന്നും അനേകം കവിതകളെന്നും അനേകം കാവ്യങ്ങളെന്നും തുഷ്യതുദുർജനന്യായേന ഇഷ്ടംപോലെ പറയാമെന്നിരിക്കട്ടെ. അതുകൊണ്ടു പ്രകൃതത്തിലേക്ക് എന്തു ഗുണം? ഭാഷാസംസ്കൃതയോഗം വസന്തതിലകാദിവൃത്തനിബദ്ധമായാലേ മണിപ്രവാളമാകൂ എന്ന് ആചാൎയ്യന്ന് അഭിപ്രായമുണ്ടെന്ന് അതുകൊണ്ടെങ്ങിനെയാണ് സിദ്ധിക്കുക? ഈവക അനൎത്ഥകവചനങ്ങൾക്കും ആചാൎയ്യാഭിപ്രായത്തിന്നും തമ്മിലെന്താണ് ബന്ധം? "വസന്തതിലകാദിവൃത്തനിബദ്ധമായ പദ്യം" എന്നു പറഞ്ഞിരിക്കുന്ന സാധനം എന്തൊന്നാണ്? പദ്യമെന്നതു് വൃത്തസാമാന്യമോ അനുഷ്ടുഭമെന്ന വൃത്തവിശേഷമോ അല്ലാതെ മററുവല്ലതുമാണോ? വൃത്തസാമാന്യത്തേയോ വൃത്തവിശേഷത്തേയോ വസന്തതിലകാദിവൃത്തത്തിൽ നിബന്ധിക്കുന്നതെങ്ങിനെയാണെന്നു മനസ്സിലാകുന്നില്ല. വസന്തതിലകാദിവൃത്തനിബദ്ധമായ ഭാഷാസംസ്കൃതയോഗമേ മണിപ്രവാളമാകൂ എന്നാണ് ആചാൎയ്യൻെറ അഭിപ്രായമെങ്കിൽ സ്വാഭിപ്രായത്തിന്ന് വിരുദ്ധമായി "ഭാഷാസംസ്കൃതയോഗം പദ്യത്തിലായാലും ഗദ്യത്തിലായാലും ഉഭയരൂപത്തിലായാലും മണിപ്രവാളമാണെ"ന്ന് സ്പഷ്ടമായി പറഞ്ഞിരിക്കുന്ന അദ്ദേഹം ഭ്രാന്തനോ ലോകവഞ്ചകനോ ആണെന്നല്ലേ വരിക? അറിഞ്ഞോ അറിയാതേയോ ആചാൎയ്യൻ ഭ്രാന്തനോ ലോകവഞ്ചകനോ ആണെന്ന് മിത്ഥ്യാഭിശംസനം ചെയ്യുന്ന ശ്രീ. കെ. വി. എം. ൻെറ ഖല്യവചനം ആരോപുകച്ച പുകയിൽ ബുദ്ധിമങ്ങി വിഷത്തീവമിച്ച് അതിൽ ആത്മാവി

നെ ദഹിപ്പിക്കുന്ന മൂർഖപ്പാമ്പുകളെപ്പോലെയുള്ള ചുരുക്കം ചില മണ്ട ന്മാരായ ഈഷ്യാലുക്കൾക്കു മാത്രമല്ലേ തൽക്കാലത്തേക്കെങ്കിലും ഹൃദ്യമായിത്തോന്നുകയുള്ളു ?

ശ്രീമാൻ കെ. വി. എം. പറയുന്നു:— "പാട്ടിൻെറ ലക്ഷണം പറയുന്ന 'ദ്രാവിഡസംഘാതാക്ഷരനിബദ്ധമെതുകമോനവൃത്തവിശേഷയുക്തം പാട്ട്' എന്ന സൂത്രത്തിൻെറ മുമ്പിൽ 'അഥ പാട്ടപി ഭാഷാസംസ്കൃതയോഗോ ഭവതീത്യാശങ്കായാം സൂത്രം' എന്നവതാരിക പറഞ്ഞിട്ടുള്ളതുകൊണ്ട് പാട്ടിൽ ഭാഷാസംസ്കൃതയോഗമുണ്ടായാലും അതു പാട്ടല്ലാതെ മണിപ്രവാളമാകയില്ലെന്നും മണിപ്രവാളപ്രസിദ്ധവസന്തതിലകാദിവൃത്തങ്ങളിൽനിന്ന് വിലക്ഷണമായ വൃത്തവിശേഷത്തോടുകൂടിയതാണ് പാട്ടെന്നും ആചാര്യൻ ഉറപ്പിച്ചിരിക്കുന്നു" എന്നും അത്രയുംകൊണ്ടു തൻെറ അഭിപ്രായം സിദ്ധിച്ചുവെന്നഭിമാനിച്ചുകൊണ്ട് അതിന്നുശേഷം ചോദിക്കുന്നു:— "അപ്പോൾ എന്താണ് സിദ്ധിക്കുന്നത്? മണിപ്രവാളമെന്നും പാട്ടെന്നും രണ്ടുതരം കവിതയുണ്ടെന്നും അവയിൽ മണിപ്രവാളം ഭാഷാപദങ്ങളുടേയും വിഭക്ത്യന്തസംസ്കൃതപദങ്ങളുടേയും വസന്തതിലകാദിസംസ്കൃതവൃത്തത്തിലുള്ള സഹൃദയഹൃദയാവജ്ജകമായ സമ്മേളനമാണെന്നും, ഭാഷാസംസ്കൃതയോഗമുണ്ടായിരുന്നാലും വസന്തതിലകാദികളിൽനിന്ന് വിലക്ഷണമായ വൃത്തവിശേഷങ്ങളിൽ നിബദ്ധമായ കവിത പാട്ടാണെന്നും തന്നെയല്ലേ?" എന്ന്.

ഒരിക്കലുമല്ല. വിവേകമുള്ളവരാരും അങ്ങിനെ വിചാരിക്കയില്ലെന്നാണ് എനിക്കു തോന്നുന്നത്. പൈങ്കിളിക്കണ്ണിയേയും പരാപരകണ്ണിയേയും നോക്കിയാണ് തുഞ്ചൻ കിളിപ്പാട്ടു നിമ്മിച്ചിരിക്കുന്നതെന്നും എന്നാൽ കിളിപ്പാട്ടിൻെറ രീതി തമിഴ്‌രീതിക്കു ചേന്നതല്ലെന്നും ശ്രീമാൻ കോവുണ്ണി നെടുങ്ങാടി പറഞ്ഞിരിക്കുന്നതിനെ ഭാഷാവൃത്തവിഷയകമായ പരിപൂണ്ണഗവേഷണമായിദ്ധരിച്ച് അസ്ഥാനത്തിൽ അഹങ്കരിച്ചു മിത്ഥ്യാഭിയോഗംചെയ്യുന്ന കൈരളിയുടെ ദാസനെപ്പോലെയുള്ള ചുരുക്കം ചില മാണവന്മാരല്ലാതെ മററാരും ഈവക വിപരീതഗ്രഹവും ഉറപ്പും വിലവെച്ചുകൊടുക്കയില്ലെന്നാണ് എനിക്ക് തോന്നുന്നത്. 'ആശങ്ക' എന്നുവെച്ചാൽ സിദ്ധാന്തമാണെന്നാണോ മി. കെ. വി. എം ഗ്രഹിച്ചിരിക്കുന്നത്? "പാട്ടപി ഭാഷാസംസ്കൃതയോഗോ ഭവതീത്യാശങ്കായാം സൂത്രം" എന്നിങ്ങിനെ 'പാട്ടും ഭാഷാസംസ്കൃതയോഗമാ'

ണെന്നതു് ആശങ്കയാണെന്നു് ആചാര്യൻതന്നെസ്പഷ്ടമായി പറഞ്ഞിരുന്നിട്ടുപോലും അതിനെ സിദ്ധാന്തമായി ഗ്രഹിച്ചുറപ്പിക്കുന്ന കെ. വി. എം. അവർകളുടെ ശാസ്ത്രവ്യുൽപത്തിയും വിവേകവും വിജാതീയമാണെന്നുവേണ്ടേ വിചാരിപ്പാൻ.

മണിപ്രവാളമെന്നും പാട്ടെന്നും രണ്ടുതരം കവിതയില്ലെന്നു ആർ പറഞ്ഞു. വാദത്തിൽ സിദ്ധസാധനം അവിവേകനിദാനമാണല്ലോ? അതു കിടക്കട്ടെ, "പാട്ടിൽ ഭാഷാസംസ്കൃതയോഗമുണ്ടായാലും അതു പാട്ടല്ലാതെ മണിപ്രവാളമാകയില്ല." ഇത്യാദി വാക്യം ശാസ്ത്രപരിചയമുള്ളവരുടെ തൂലികയിൽനിന്നു് വരുമോ? ഉദ്ദേശ്യവിധേയങ്ങളുടെ ഐക്യം ദുഷ്ടംതന്നെയല്ലേ? ആവകയൊന്നും ഇവിടെ എടുത്തു വിസ്തരിക്കുന്നില്ല. ഒരു കാര്യം മാത്രം പറയേണ്ടതായിട്ടുണ്ടു്. ഭാഷാവൃത്തനിബദ്ധമായ ഭാഷാസംസ്കൃതയോഗം അതായതു് ഭാഷാപദങ്ങളോടുള്ള എല്ലാ സംസ്കൃതപദങ്ങളുടെ യോഗവും പാട്ടാണെന്നുള്ള കെ. വി. എം. അവർകളുടെ അഭിപ്രായം ലീലാതിലകദൃഷ്ട്യാ അബദ്ധമാകുന്നു എന്നുള്ളതാണു് അതു്.

ലീലാതിലകത്തിൽ "ദ്രാവിഡസംഘാതാക്ഷരനിബദ്ധമേതുകമോനവൃത്തവിശേഷയുക്തം പാട്ടു്" എന്ന ലക്ഷണസൂത്രംകൊണ്ടും അതിൻെറ വിവരണമായ വൃത്തികൊണ്ടും ആചാര്യൻ പ്രതിപാദിച്ചിരിക്കുന്നതിൻെറ സാരം:—

മണിപ്രവാളപ്രസിദ്ധവസന്തതിലകാദിവൃത്തവിലക്ഷണച്ഛന്ദോവിശേഷത്തിൽ, അതായതു് ഭാഷാവൃത്തത്തിൽ, എതുകയോടും മോനയോടുംകൂടി നിബന്ധിച്ചിരിക്കുന്നതും ദ്രാവിഡാക്ഷരസമാമ്നായം മാത്രമുപയോഗിച്ചിരിക്കുന്നതുമായ വാങ്മയവിശേഷമാണു് പാട്ടെന്നും എന്നാൽ അതിൽ പാണ്ഡ്യഭാഷ സത്രുപപദങ്ങളുടെ ബാഹുല്യവും, ദ്രാവിഡാക്ഷരസമാമ്നായത്തിൽപ്പെട്ട സ്വരങ്ങളും വ്യഞ്ജനങ്ങളും മാത്രമുള്ള— സംസ്കൃതത്തിലെ 'ഋ'കാര 'ഞ'കാരങ്ങളും അതിഖരമൃദുഘോഷോഷ്മാക്കളും വിസർഗ്ഗാദികളും ഒഴിച്ചു മററുള്ള സ്വരവ്യഞ്ജനങ്ങൾ മാത്രമുള്ള— സംസ്കൃതപദങ്ങളുടെ യോഗവും അതിൻെറ സ്വഭാവത്തിന്നു് ഹാനികരമല്ലെന്നുമാകുന്നു. കരണം, ചിരം, തലം, പരിമാണം, വനം മുതലായ ദ്രാവിഡസംഘാതാക്ഷരവിശിഷ്ടമായ സംസ്കൃതപദങ്ങളുടെ യോഗം മാത്രമേ ആചാര്യൻ പാട്ടിൽ സമ്മതിച്ചിട്ടുള്ളൂ. അല്ലാതെ സംസ്കൃതപദസാമാന്യയോഗം സമ്മതിച്ചിട്ടില്ല. അതു ലീലാതിലകത്തിലെ സൂത്ര

വും വൃത്തിയും വായിച്ചുനോക്കിയാൽ അറിയാവുന്നതാണ്. ആകയാൽ, മണിപ്രവാളത്തിലെയും പാട്ടിലെയും ഭാഷാസംസ്കൃതയോഗങ്ങൾക്കു വ്യത്യാസമുണ്ടെന്നും വിശേഷിച്ച്, പാട്ടിലെ കേവലം ദ്രാവിഡസംഘാതാത്മകമായ സംസ്കൃതത്തെ സംസ്കൃതമായിത്തന്നെ ഗണിക്കേണ്ട ആവശ്യമില്ലെന്നുമുള്ള അഭിപ്രായത്തിന്മേൽ പാട്ടിന്റെ സ്വരൂപം വിവരിക്കുന്ന ആചാര്യൻ ആ വിവരണംകൊണ്ടുതന്നെ "അഥ പാട്ടപി ഭാഷാസംസ്കൃതയോഗോ ഭവതി" എന്ന ആശങ്കയെ നിരസിച്ചിരിക്കുന്നതായി വിചാരിക്കണം. പക്ഷേ, താദൃശപദങ്ങൾ സംസ്കൃതംതന്നെയാകയാൽ "ഭാഷാസംസ്കൃതയോഗം" എന്ന മണിപ്രവാളലക്ഷണം പാട്ടിൽ അതിവ്യാപ്തമല്ലെന്ന് എങ്ങിനെ പറയാം എന്ന് വീണ്ടും ആശങ്കിക്കുന്നുവെങ്കിൽ തദ്ഭിന്നത്വം നിവേശിച്ച് പരിഹാരം കണ്ടുകൊള്ളണമെന്നാണ് ആചാര്യന്റെ താൽപര്യം. ശാസ്ത്രജ്ഞനായ ആററൂർ അവർകൾ തന്റെ പരിഭാഷയിൽ "അതുകൊണ്ട് മണിപ്രവാളലക്ഷണം പാട്ടല്ലാത്ത ഭാഷാസംസ്കൃതയോഗം എന്നാണെന്ന് താൽപര്യം ഗ്രഹിച്ചുകൊള്ളുക" എന്നുകൂടി പറഞ്ഞിരിക്കുന്നതു നോക്കുക. ഇത്രയുംകൊണ്ടു ദ്രാവിഡസംഘാതാക്ഷരങ്ങൾ മാത്രമുള്ള സംസ്കൃതപദവിശേഷങ്ങളുടെ യോഗമല്ലാതെ സംസ്കൃതയോഗം—അതായതു്—സംസ്കൃതപദസാമാന്യയോഗം ഉണ്ടായാൽ അതു പാട്ടല്ലെന്നാണ് ആചാര്യന്റെ അഭിപ്രായമെന്ന് വ്യക്തമാകുന്നതിനാൽ "പാട്ടിൽ ഭാഷാസംസ്കൃതയോഗമുണ്ടായാലും അതു പാട്ടല്ലാതെ—" ഇത്യാദി സാമാന്യയോഗപരമായ കെ. വി. എം. അവർകളുടെ വചനം കേവലം അറ്റുൽപന്നോചിതമായിട്ടാണ് പരിണമിച്ചിരിക്കുന്നതു്.

പാട്ടിൽനിന്നു ഭിന്നമായ മണിപ്രവാളത്തിന്റെ നിഷ്കൃഷ്ടമായ സ്വരൂപജ്ഞാനത്തിന്ന് പാട്ടിന്റെ സ്വരൂപംകൂടി അറിയേണ്ടിയിരിക്കയാൽ പാട്ട് ഭാഷാസംസ്കൃതയോഗമാണല്ലോ എന്ന് ആശങ്കിച്ചു അവതരിപ്പിക്കുന്ന പാട്ടിന്റെ സ്വരൂപലക്ഷണമായ "ദ്രാവിഡസംഘാതാക്ഷരനിബദ്ധമേതുകമോനവൃത്തവിശേഷയുക്തം പാട്ട്" എന്ന സൂത്രംകൊണ്ടോ അതിന്റെ "അഥ പാട്ടപി ഭാഷാസംസ്കൃതയോഗോ ഭവതീത്യാശങ്കായാം സൂത്രം" എന്ന അവതാരികകൊണ്ടോ "വസന്തതിലകാദിവൃത്തനിബദ്ധമായ ഭാഷാസംസ്കൃതയോഗം മാത്രമേ മണിപ്രവാളമാകയുള്ളു" എന്നു എങ്ങിനെയാണ് സിദ്ധിക്കുക. പ്രമാണമോ, ന്യായമോ, യുക്തിയോ ഒന്നും കൂടാതെ അതുമിതും പറഞ്ഞുകൊണ്ട് അപ്പോൾ എന്താണ് സിദ്ധിക്കുന്നതു്, ഇതുതന്നെയല്ലേ എന്നും മററും

ചോദിച്ച്—"ഉച്ചൈരുദ്ഘുഷ്യ ജേതവ്യം" എന്ന നയമനുസരിച്ച് വിജയം സിദ്ധിച്ചതായി ഭാവിച്ചുകൊണ്ട് കൃഷ്ണൻനായരുടെ ലീലാതിലകസ്വരൂപാഭിജ്ഞതയെ നമസ്കരിക്കതന്നെ വേണം എന്നുദ്ഘോഷിക്കുന്ന പണ്ഡിതമാനിയുടെ പാണ്ഡിത്യത്തേയും പ്രതിഭയേയും പടുതയേയും പ്രത്യേകം പ്രത്യേകം ദൂരെദൂരെ നിന്ന് കാററുവായ്നോക്കി നമസ്കരിക്കയല്ലേ വേണ്ടതു്!

"മണിപ്രവാളത്തേയും പാട്ടിനേയും മാത്രമാണ് ആചാൎയ്യൻ പ്രഥമശില്പത്തിൽ പ്രതിപാദിക്കുന്നതും അവയുടെ ലക്ഷണം മാത്രമാണ് നിൎവ്വചിക്കുന്നതും; അല്ലാതെ ഗദ്യത്തേയോ ഗദ്യപദ്യോഭയരൂപമായ കാവ്യത്തേയോ ആചാൎയ്യൻ ഇവിടെ പ്രതിപാദ്യമായി സ്വീകരിച്ചിട്ടില്ല. ഗദ്യരൂപമോ ഗദ്യപദ്യോഭയരൂപമോ ആയ ഭാഷാസംസ്കൃതയോഗത്തിന്ന് ലക്ഷണമാകട്ടെ ലക്ഷ്യമാകട്ടെ ആചാൎയ്യൻ പ്രദൎശിപ്പിച്ചിട്ടില്ല. അവയിലും മണിപ്രവാളമുണ്ടെന്നല്ലാതെ അവ മണിപ്രവാളമാണെന്ന് ആചാൎയ്യന്ന് വിവക്ഷയുണ്ടായിരുന്നുവെങ്കിൽ ആചാൎയ്യൻ അവയുംകൂടി ലക്ഷണം പറയുകയും ലക്ഷ്യങ്ങൾ കാണിക്കുകയും ചെയ്യുമായിരുന്നു. അങ്ങിനെ ചെയ്യാതെ മണിപ്രവാളത്തിന്ന് ഒമ്പതുവകഭേദങ്ങളെ പറഞ്ഞു് ആ ഒമ്പതുവക ഭേദങ്ങൾക്കും സംസ്കൃതവൃത്തനിബദ്ധങ്ങളായ പദ്യങ്ങളെ (?) മാത്രം ഉദാഹരിക്കുകയാണ് ആചാൎയ്യൻ ചെയ്തിട്ടുള്ളതു്. അതുകൊണ്ടു സംസ്കൃതത്തിൽ ഉപയോഗിച്ചുവരുന്നവയും ഛന്ദശ്ശാസ്ത്രത്തിൽ വിധിച്ചിട്ടുള്ളവയുമായ ഛന്ദസ്സുകളിൽ നിൎമ്മിതങ്ങളായ പദ്യങ്ങൾ (?) മാത്രമേ മണിപ്രവാളത്തിൽ പെടുകയുള്ളൂ" എന്നിങ്ങിനെ അങ്ങുമിങ്ങും നോക്കാതെ ലീലാതിലക പരിഭാഷകനായ ഒരു പണ്ഡിതൻ പറഞ്ഞുകാണുന്നതിൽ ആശ്ചൎയ്യം തോന്നുന്നു. ആകട്ടെ, ഞാനൊന്ന് സവിനയം ചോദിച്ചുകൊള്ളട്ടെ; ലീലാതിലകപരിഭാഷകൻ ലീലാതിലകത്തിൽ നിൎദ്ദേശിച്ചിരിക്കുന്നതും പ്രാമാണികവുമതിപ്രസിദ്ധവുമായ കാവ്യപ്രകാശമെങ്കിലും വായിച്ചിട്ടുണ്ടോ? നോക്കുകയോ കാണുകയോ ചെയ്താൽ പോരാ! അങ്ങിനെയാണെങ്കിൽ ഇത്രയല്ല ഇതിൽ കവിഞ്ഞും അസംബദ്ധം പറഞ്ഞു എന്നു വരാം. ഞാൻ ചോദിക്കുന്നതു ഗുരുമുഖേന വായിച്ചു കാൎയ്യം ഗ്രഹിച്ചിട്ടുണ്ടോ എന്നാണ്? അതിൽ— (പ്രാമാണികഗ്രന്ഥമായ കാവ്യപ്രകാശത്തിൽ)— കാവ്യസാമാന്യലക്ഷണവും വിഭാഗലക്ഷണവും പ്രതിപാദിച്ചിട്ടുണ്ട്. അവയുടെ ലക്ഷ്യമായി ഉദാഹരിച്ചിരിക്കുന്നതൊക്കെയും പദ്യങ്ങളാണ് ഗദ്യ

ങ്ങളല്ല. ഗദ്യരൂപമോ ഗദ്യപദ്യോഭയരൂപമോ ആയ കാവ്യത്തിന്ന് പ്രത്യേകം ലക്ഷണവും ലക്ഷ്യവും കാവ്യപ്രകാശകാരൻ നിർദ്ദേശിച്ചിട്ടുമില്ല. അതുകൊണ്ടു ഗദ്യകാവ്യവും ഗദ്യപദ്യോഭയരൂപമായ ചമ്പൂനാടകാദികാവ്യങ്ങളും കാവ്യമല്ലെന്നാണ് കാവ്യപ്രകാശകാരൻെറ മതമെന്ന് ലീലാതിലകപരിഭാഷാകാരൻ സമർത്ഥിക്കാൻ ഭാവമുണ്ടോ? ഈവക വാദം കേട്ടാൽ ആരാണ് കഷ്ടമെന്ന് പറയാത്തത്. അല്ലെങ്കിൽ ചിരിച്ചുപോകാത്തത്? ലീലാതിലകത്തിൽ മണിപ്രവാളത്തിന്ന് ലക്ഷണം പറഞ്ഞതല്ലാതെ പദ്യത്തെ ലക്ഷ്യമായി ഉദാഹരിച്ചു കാണിക്കാത്തതുകൊണ്ടും ഉദാഹരിച്ചിരിക്കുന്നതു മണിപ്രവാളപ്രഭേദങ്ങൾക്കാകകൊണ്ടും പദ്യങ്ങൾ മണിപ്രവാളപ്രഭേദങ്ങളല്ലാതെ മണിപ്രവാളമാകയില്ലെന്നും കെ. വി. എം വിധിക്കുമോ? പ്രഭേദങ്ങൾക്കു കൊടുത്തിരിക്കുന്ന ഉദാഹരണങ്ങളിൽ ശ്രീകൃഷ്ണചരിതം, ഉണ്ണുനീലീസന്ദേശം മുതലായവയിലെ പദ്യങ്ങൾ ഇല്ലായ്കയാൽ ആവക ഗ്രന്ഥങ്ങളും അവയിലെ പദ്യങ്ങളും മണിപ്രവാളമോ മണിപ്രവാളപ്രഭേദമോ ആകയില്ലെന്നും ശാസിക്കുമോ?

ഗദ്യത്തിന്നു ലക്ഷണം പറയാത്തതുകൊണ്ട് അതു പ്രതിപാദ്യമായി സ്വീകരിക്കയോ മണിപ്രവാളമായി വിവക്ഷിക്കയോ ആചാര്യൻ ചെയ്തിട്ടില്ലെന്നു പറയുന്ന കെ. വി. എം. ലീലാതിലകത്തിൽ പദ്യത്തിന്നോ വസന്തതിലകാദി സംസ്കൃതവൃത്തങ്ങൾക്കോ ലക്ഷണം പറഞ്ഞിരിക്കുന്നതായി കണ്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ ദൃഷ്ടി ഈ ലോകത്തേക്ക് പററിയതല്ല. ഇല്ലെങ്കിൽ തുല്യന്യായത്താൽ പദ്യങ്ങളും മണിപ്രവാളമാകയില്ലെന്ന് സമ്മതിക്കാതെ ഗത്യന്തരമില്ല. തീരെ വിചാരക്ഷമമല്ലാത്ത ഈവക വാദത്തെ ഇതിലധികം വിസ്തരിക്കുന്നില്ല. ഒരു പണ്ഡിതൻ പറഞ്ഞതാണല്ലോ എന്നു വിചാരിച്ചു മാത്രമാണ് ഇത്രയും പറഞ്ഞത്. "ഭാഷാസംസ്കൃതയോഗമാണ് മണിപ്രവാളം" എന്നു പറഞ്ഞാൽ നിർവ്വചിക്കപ്പെട്ടിരിക്കുന്ന ആ യോഗം ഗദ്യരൂപത്തിലോ പദ്യരൂപത്തിലോ ഉഭയരൂപത്തിലോ ഏതുവിധത്തിലായാലും മണിപ്രവാളം തന്നെയാണെന്നോ വരികയുള്ളുവെന്നും ഗദ്യം മണിപ്രവാളമല്ലെന്ന് വിവക്ഷയുണ്ടെങ്കിൽ ലക്ഷണത്തിൽ ഉചിതമായ ദളം നിവേശിപ്പിച്ചു വ്യാവർത്തിപ്പിക്കുകതന്നെ വേണമെന്നും സ്വാരസ്യവും സൌകര്യവും നിമിത്തം ശാസ്ത്രകാരന്മാർ പ്രായേണ പദ്യങ്ങളെയാണ് ഉദാഹരിക്കപതിവെന്നുമുള്ള തത്വം ഇനിയെങ്കിലും ശ്രീമാൻ കെ. വി. എം. ധരിച്ചാൽ കൊള്ളാം.

"ലീലാതിലകം മണിപ്രവാളത്തെ മാത്രം ലക്ഷ്യമാക്കി പ്രവത്തിക്കുന്ന ഒരു ഗ്രന്ഥമല്ല. മണിപ്രവാളത്തേയും പാട്ടിനേയും അതിൻെറ ലക്ഷണനിർദ്ദേശപൂർവ്വകം ഉദാഹരിച്ചിട്ടുണ്ട്. അപ്പോൾ ഉദാഹരണമെല്ലാം മണിപ്രവാളംതന്നെ ആയിരിക്കണമെന്ന് എന്താണ് നിർബ്ബന്ധം? എന്തുകൊണ്ടു പാട്ടുകൾ ഉദാഹരിച്ചുകൂടാ—" എന്നും മററും ഉദ്ഘോഷിക്കുന്ന ഈ കെ. വി. എം തന്നെയാണോ ഈയിടെ ലീലാതിലകം പരിഭാഷപ്പെടുത്തിയതു്? ലീലാതിലകം മൂലമോ ആറ്റൂർ അവർകളുടെ പരിഭാഷയോ ഒരാവൃത്തിയെങ്കിലും വായിച്ചിട്ടുള്ളവർ അങ്ങിനെ പറയുമോ? ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതെന്തെന്നറിയാതെ തന്നെ ഭാഷാന്തരീകരണം ഇക്കാലത്തെ ചില പണ്ഡിതന്മാൎക്ക് ശക്യമാണെന്നോ?

"മണിപ്രവാളസ്യ ശരീരം ദോഷാ ഗുണാ ആത്മാച വിദ്യന്തേ. തത്രശരീരം ഭാഷാസംസ്കൃതാത്മകഃ ശബ്ദഃ ദോഷാ അപശബ്ദാദയഃ. ഗുണാ മാധുൎയ്യാദയഃ. ആത്മാ രസഃ ശൃംഗാരാദിഃ. തത്ര പൂൎവ്വം തസ്യ സാമാന്യസ്വരൂപം ഭേദാംശ്ചോക്ത്വാ സമ്പ്രതി ശരീരനിരൂപണം ക്രിയതേ".

എന്നിങ്ങിനെ ലീലാതിലകത്തിലെ പ്രതിപാദ്യവിഷയമായ മണിപ്രവാളത്തിന്നു് ശരീരം, ദോഷം, ഗുണം, ആത്മാവു് എന്നിങ്ങിനെ നിരൂപണീയങ്ങളായ അംഗങ്ങൾ ഉണ്ടെന്നും അവയിൽ മണിപ്രവാളത്തിൻെറ സാമാന്യസ്വരൂപവും വകഭേദവും പ്രഥമശില്പത്തിൽ പ്രതിപാദിച്ചുകഴികയാൽ ഇനി ശരീരത്തെപ്പററിയാണു് നിരൂപിക്കുവാൻ പോകുന്നതെന്നും സ്പഷ്ടമായി രണ്ടാം ശില്പത്തിൻെറ ആരംഭത്തിൽ ആചാൎയ്യൻ പറഞ്ഞിരിക്കുന്നതു് ലീലാതിലകപരിഭാഷകൻ കാണുകയോ പരിഭാഷപ്പെടുത്തുകയോ ചെയ്തിട്ടില്ലായിരിക്കുമോ! "ഇദം സ്വാഗതാവൃത്തം മണിപ്രവാളേന ശോഭതേ; ഇന്ദ്രമാലാ ച തഥാ" "അഹോ ശാസ്ത്രസൂത്രായതേ മണിപ്രവാളമേതൽ" എന്നിങ്ങിനെ ദോഷപ്രകരണത്തിലും "അപശബ്ദാഭാവേ ശബ്ദഭാവസ്സിദ്ധ്യതി— സതു മണിപ്രവാളസ്യ ശരീരസ്വരൂപം; നതു ഗുണഃ" "തന്മണിപ്രവാളേ ഭവിതുമൎഹതീതി തന്നോചിതം; അതിഗംഭീരത്വാൽ • തസ്യാച്ഛബ്ദോ മണിപ്രവാളസ്യ ശരീരം ഭവതി; ന തു ഗുണഃ" "തദന്യഥാഭാവേ മണിപ്രവാളസ്യാസദ്ഭാവപ്രസംഗാൽ" "അത്ര മണിപ്രവാളം മെഴുപ്പു, പതമു, പരിപാകം, പ്രൌഢി, പരിമളം ഇത്യാദി ശബ്ദൈ രസ്മിസ്ഥി

തൈ രഭിനന്ദ്യതേ'' എന്നിങ്ങിനെ ഗുണനിരൂപണത്തിലും "നഖലു കേചി ദസ്യ മണിപ്രവാളലക്ഷണകാരോ ഇതഃ പ്രാക് ദൃഷ്ടാ നാപി ശ്രുതാഃ'' "ഏവം സതി സംസ്കൃത കാവ്യലക്ഷണോക്ത ഏവ ന്യായോ മണിപ്രവാളകാവ്യലക്ഷണേപി ന്യാ (യഃ) യ്യഃ'' എന്നിങ്ങിനെ അലങ്കാരപ്രകരണത്തിലും ഉള്ളവയും, ലീലാതിലകത്തിലെ പ്രതിപാദ്യവിഷയം മണിപ്രവാളകാവ്യമാണെന്നു് നിശ്ശങ്കം വ്യക്തമാക്കുന്നവയും, ആയ വാക്യവിശേഷങ്ങളോ വ്യംഗ്യപ്രകരണത്തിലെ "മണിപ്രവാളജീവിതം വ്യംഗ്യം'' എന്ന ആദ്യസൂത്രംപോലുമോ കാണുകയുണ്ടായില്ലെന്നോ! കൃഷ്ണൻനായരുടെ ലീലാതിലകസ്വരൂപാഭിജ്ഞതയെ നമസ്കരിക്കതന്നെ വേണം എന്നു പറയുന്ന ശ്രീമാൻ കെ വി. എം അവർകൾക്കു് ഈവചകയെല്ലാം കാട്ടിക്കൊടുക്കുവാൻ ആ കൃഷ്ണൻ നായർതന്നെ വേണമെന്നായിരിക്കുമോ വിധിമതം. ലീലാതിലകം പ്രവൎത്തിച്ചിരിക്കുന്നതു മണിപ്രവാളകാവ്യത്തെയല്ലാതെ പാട്ടോ മററുവല്ലതിനേയോ അല്ലെന്നതിലേക്ക് ഇത്രയൊക്കെ തെളിവുണ്ടായിരിക്കെ കെ. വി. എം അവർകളുടെ അപസിദ്ധാന്തം ആൎക്കാണു് സ്വീകാൎയ്യമാവുക?

"ഭാഷാസംസ്കൃതയോഗോ മണിപ്രവാളം'' എന്ന ലക്ഷണപ്രകാരം പാട്ടും മണിപ്രവാളമാകാമല്ലോ എന്ന ആശങ്കയ്ക്കു അവകാശമുള്ളതുകൊണ്ടു് അതിനെ പരിഹരിപ്പാൻ വേണ്ടി മാത്രമാണു് ആചാൎയ്യൻ ആദ്യശില്പത്തിൻെറ അവസാനത്തിൽ അങ്ങിനെ ഒരു ആശങ്കയോടുകൂടി പാട്ടിൻെറ സ്വരൂപം ഒരു സൂത്രംകൊണ്ടും വൃത്തികൊണ്ടും വിവരിച്ചു കാണിച്ചിരിക്കുന്നതു്. അതു് "മുകൈ നനൈ കലികൈ—'' ഇത്യാദി തമിഴിലെ ചേന്തൻ തിവാകരവും മററും ഉദാഹരിച്ചിരിക്കുന്നതുപോലെ പ്രാസംഗികവുമാണു്. അല്ലാത്തപക്ഷം അവയും ലക്ഷ്യമാണെന്നു് സമ്മതിക്കേണ്ടിവരും. പാട്ടു മണിപ്രവാളമാകയില്ലെന്നു് തീൎച്ചയാക്കാൻ പാട്ടിൻെറ സ്വരൂപജ്ഞാനം ആവശ്യകമാകയാൽ അതുകൂടി നിരൂപിച്ചിട്ടുണ്ടെന്നേ വിശേഷമുള്ളു.

ദ്രാവിഡസംഘാതാക്ഷരനിബദ്ധമല്ലായ്കയാലും മോനയില്ലാത്തതിനാലും മററും പാട്ടിൻെറ ലക്ഷണം സൎവ്വഥാ ഘടിക്കാത്ത പതിനാലുവൃത്തം ഇരുപത്തിനാലുവൃത്തം എന്നിവ പാട്ടാണെന്നു് ശഠിക്കുന്നതു് അജം ഗജമാണെന്നു് ശഠിക്കുന്നതുപോലെ അസംബദ്ധമാകയാൽ അസമാധേയമാണു്.

"മുന്നിൽ കുളിൎത്ത മുഖമണ്ഡപം—'' എന്നതിലെ 'മണ്ഡപം'

എന്നതു് ആചാര്യൻ അന്യത്ര ഉപപാദിച്ചിരിക്കുന്ന പ്രകാരം സംസ്കൃതവിഭക്ത്യന്തപദമാകയാലും "ഏതേതനുമൊന്നിന്നു—" ഇത്യാദി മറവുദാഹരണപദ്യങ്ങളിൽ പൂർവ്വാപരസാഹചര്യംകൊണ്ടു് സംസ്കൃതയോഗം ഉപപാദിക്കാവുന്നതിനാലും ആവകയൊക്കെയും മണിപ്രവാളങ്ങളാകയാൽ ഉദാഹരിക്കുന്നതിന്നർഹങ്ങളാണെന്നു് ഞാൻ സ്പഷ്ടമായി പറഞ്ഞിരിക്കെ, നേരെ വിപരീതമായി ഗ്രഹിച്ചുകൊണ്ടു് സമാധാനമെന്ന ഭാവത്തിൽ രണ്ടും അഞ്ചും ഖണ്ഡികകളായി ബന്ധമില്ലാതെ അതുമിതും പറഞ്ഞിരിക്കുന്നതു് സംരംഭാധിക്യത്താലുണ്ടായ സംഭ്രമത്താലായിരിക്കാം. ഈവകയൊന്നും സമാധാനം അർഹിക്കുന്നില്ലായ്കയാൽ ഇവിടെ എടുത്തു വിസ്തരിക്കുന്നില്ല.

അവസാനമായി കെ. വി. എം. അവർകളുടെ രണ്ടു വാക്കിന്നു് ഒരു വാക്കെങ്കിലും പറയാതെ വിടുന്നതു യുക്തമല്ലെന്നു വിചാരിക്കുന്നു.

"ബാധ്യേദ്ദ്വേഷ്യസാമ്യാൽ കിം ദ്വേഷ്യദപി ബാധ്യതാം"

എന്ന ന്യായം ഉണ്ടായിരിക്കെ "കേരളപാണിനിക്കു തെററിപ്പോയതുകൊണ്ടു് ലീലാതിലകപരിഭാഷകനായ തൻെറ തെററു് തെററല്ലെന്നു് ശബ്ദശാസ്ത്രത്തിലോ സാഹിത്യശാസ്ത്രത്തിലോ പരിചയമുള്ള ഒരാൾ പറയുമെന്നു് തോന്നുന്നില്ല. അത്രയുമല്ല, തമ്പുരാൻ ലീലാതിലകം പരിഭാഷപ്പെടുത്തീട്ടില്ല. പരിഭാഷപ്പെടുത്തുകയോ അതിന്നുവേണ്ട വിധം അത്രത്തോളം നിഷ്കൃഷ്ടിച്ചു വായിക്കുകയോ ചെയ്തിരുന്നവെങ്കിൽ അങ്ങിനെ ഒരു വിപരീതഗ്രഹം അദ്ദേഹത്തിന്നുണ്ടാവാൻ അവകാശവുമില്ല. സപത്രപജ്ഞാനത്തിന്നായി മാത്രം അബദ്ധമയമായ താളിയോലഗ്രന്ഥം സാമാന്യമായൊന്നു് വായിച്ചുനോക്കിയിരിക്കാവുന്ന കേരളപാണിനിയുടെ സ്ഖലിതം ക്ഷന്തവ്യമാണു്. കെ. വി. എം. അവർകളുടെ സ്ഥിതി അതല്ല. പഠനപാഠനപ്രചാരലോപത്താൽ അപപാഠജടിലമായി കണ്ടുകിട്ടിയ ലീലാതിലകത്തെ പണ്ഡിതവര്യനായ ആററൂർ സ്വന്തംപരിഭാഷയോടുകൂടി പ്രസിദ്ധപ്പെടുത്തിയതിൽ ഏത്ര അബദ്ധം ഉണ്ടെന്നുവരികിലും ആ പരിഭാഷ കേരളീയർക്കാകമാനം ആദരണീയം തന്നെയാണു്. ആററൂരിൻെറ സന്മനസ്സതയാൽ രണ്ടുപന്തീരാണ്ടായി പഠനപാഠനാദിപ്രചാരം ലഭിച്ചിരിക്കുന്ന ലീലാതിലകത്തെ ഇന്നൊരാൾ പണ്ഡിതനാണെന്നു നടിച്ചു് പരിഭാഷപ്പെടുത്തുന്നതായാലത്തെ സ്ഥിതി അതാണോ? ഭാഷാസാഹിത്യത്തിലെ ഗുരുഭൂതനായ കേരളപാണി

നിക്കുതന്നെ തെററിദ്ധാരണ പിണഞ്ഞിട്ടുണ്ടെങ്കിൽ കേവലം സാഹിത്യ ശിശുക്കളായ അസ്മാദൃശന്മാരുടെ തെററിദ്ധാരണയെ ആരും അത്ര കണക്കാക്കയില്ല" എന്നും മററുമുള്ള ബാലിശവചനം രക്ഷ നൽകുകയില്ല. കഷ്ടിച്ചു കാവ്യവ്യുൽപത്തിയും കൊണ്ടു ശാസ്ത്രങ്ങളിൽ കൈകാൎയ്യം നടത്താൻ പുറപ്പെടുന്നവർ.

"പ്രക്ഷാളനാദ്ധി പങ്കസ്യ ദൂരാദസ്പൎശനം വരം"

എന്ന ന്യായം അറിഞ്ഞിരിക്കേണ്ടതാണ്. കൃഷ്ണൻനായർ പണ്ഡിതന്മാരെ ഒരിക്കലും പരിഹസിക്കയില്ല. പണ്ഡിതന്മാർ ആലോചിക്കാതെ അബദ്ധം പറയുന്നതിൽ പക്ഷേ പരിതാപം തോന്നി എന്നു വന്നേക്കാം. അതു പാടില്ലെന്ന് ആരുപറഞ്ഞാലുമിരിക്കയില്ല. ആ പരിതാപത്തെ പരിഹാസമായി തെററിദ്ധരിക്കുന്നവരോടു "തൽസൎവ്വം തുലയതി ദൂഷിതോന്തരാത്മാ" എന്നല്ലാതെ മറെറാന്നും പറയുവാനില്ല. ഇപ്പോൾ ഇത്രമാത്രം.

വ്യാകരണ. സം. ശിരോമണി പി. കൃഷ്ണൻനായർ.

## സുഭഗോദയം.

(സ്തോത്രം)

9848

(ശ്രീഗോവിന്ദാചാൎയ്യവിരചിതം)

ഭവാനി! ത്വാം വന്ദേ ഭവമഹിഷി! സച്ചിൽസുഖവപുഃ-
പരാകാരാം ദേവീ മമൃതലഹരീം ബൈന്ദവകലാം ।
മഹാകാലാതീതാം കലിതസരണിം കല്പിതതനും
സുധാസിന്ധോരന്തൎവ്വസതിമനിശം വാസരമയീം ॥ 1.

മനസ്ത്വം ജിത്വാ നയനമഥ നാസാഗ്രഘടിതം
പുനൎവ്വ്യാവൃത്താക്ഷഃ സ്വയമപി യദാ പശ്യതി പരാം
തദാനീമേവാസ്യ സ്ഫുരതി ബഹിരന്തൎഭഗവതീ
പരാനന്ദാകാരാ പരശിവപരാ കാചിദപരാ ॥ 2.

മനോമാൎഗ്ഗം ജിത്വാ മരുത ഇഹ നാഡീഗണജുഷോ
നിരുദ്ധ്യാൎക്കം സേന്ദും ദഹനമപി സംജ്വാല്യ ശിഖയാ,
സുഷുമ്നാം സംയോജ്യ ശ്ലഥയതി ച ഷൾഗ്രന്ഥിശശിനം
തവാജ്ഞാചക്രസ്ഥം വിലയതി മഹായോഗിസമയീ 3.

യദാ തൗ ചന്ദ്രാൎക്കൗ നിജസദനസംരോധനവശാ-
ദശക്തൗ പീയൂഷസ്രവണഹരണേ സാ ച ഭുജഗീ
പ്രബുദ്ധാ ക്ഷുൽക്രുദ്ധാ ദശതി ശശിനം ബൈന്ദവഗതം
സുധാധാരാസാരൈഃ സ്നപയസി തനും ബൈന്ദവകലേ । 4.

പൃഥിവ്യാംപാസ്തേജഃ പവനഗഗനേ തൽപ്രകൃതയഃ
സ്ഥിതാസ്തന്മാത്രാസ്താ വിഷയദശകം മാനസമിതി
തഥാ മായാവിദ്യാ തദനു ച മഹേശശ്ശിവ ഇതഃ
പരം തത്വാതീതം മിളിതവപുരിന്ദോഃ പരകലാ ॥ 5.

കുമാരീയം മന്ത്രം ധ്വനതി ച തതോ യോഷിദപരാ
കുളം ത്യക്ത്വാ രൌതി സ്ഫുടതി ച മഹാനീലഭുജഗീ
തതഃ പാതിവ്രത്യം ഭജതി ദഹരാകാശകമലേ
സുഖാസീനാ യോഷാ ഭവസി ഭവസീൽക്കാരരസികാ ॥ 6.

ത്രികോണാ തേ കൌളാഃ കുലഗൃഹമിതി പ്രാഹുരപരേ
ചതുഷ്കോണം പ്രാഹുസ്സമയി ന ഇമേ ബൈന്ദവമിതി
സുധാസിന്ധൌ തസ്മിൻ സുരമണിഗൃഹേ സൂര്യശശിനോ-
രഗമ്യേ രശ്മീനാം സമയസഹിതേ! ത്വം വിഹരസേ ॥ 7.

ത്രിഖണ്ഡം തേ ചക്രം ശ്രുതിരവി ശശാങ്കാത്മകതയാ
മയൂഖൈഃ ഷൾത്രിംശദ്ദശയുതതയാ ഖണ്ഡകലിതൈഃ
പൃഥിവ്യാദൌ തത്വേ പൃഥഗുദിതവദ്ഭിഃ പരിവൃതം
ഭവേന്മൂലാധാരപ്രഭൃതി തവ ഷൾചക്രസദനം ॥ 8.

ശതം ചാഷ്ടൌ വഹ്നേഃ ശതമപി കലാഃ ഷോഡശ രവേഃ
ശതം ഷൾ ച ത്രിംശൽ സിതമയമയൂഖാഃ ചരണജാഃ
യ ഏതേ ഷഷ്ടീശ്ച ത്രിശതമഭവംസ്ത്വച്ചരണജാഃ
മഹാകാലസ്തസ്മാൽ നഹി തവ ശിവേ! കാലകലനാ ॥ 9.

ത്രികോണഞ്ചാധാരം ത്രിഭുവനനുതേഽഷ്ടാരമനഘേ!
ഭവേൽ സ്വാധിഷ്ഠാനം ഭഗവതി! ദശാരം മണിപുരം ।
ദശാരം തേ സംവിൽകമലമഥ മന്വശ്രകമുമേ!
വിശുദ്ധം സ്യാദാജ്ഞം ശിവ ഇതി തതോ ബൈന്ദവഗൃഹം ॥ 10.

ത്രികോണേ തേ വൃത്തത്രിതയമിഭകോണേ വസുദളം
കലാശ്രം മിശ്രാരേ ഭവതി ഭുവനാശ്രേ ച ഭുവനം
ചതുശ്ചക്രം ശൈവം നിവസതി ഭഗേ ശാക്തികമുമേ!
പ്രധാനൈക്യം ഷോഢാ ഭവതി ച തയോഃ ശക്തിശിവയോഃ 11.

കലായാം ബിന്ദ്വൈക്യം തദനു ച തയോർന്നാദവിഭവേ
തയോർന്നാദേനൈക്യം തദനു ച കലായാമപി തയോഃ ।
തയോർബിന്ദാവൈക്യം ത്രിതയ വിഭവൈക്യം പരശിവേ
തഥൈവം ഷോഢൈക്യം ഭവതി ഹി സപര്യാസമയിനാം ॥ 12.

കലാനാദേ ബിന്ദുഃ ക്രമശ ഇഹ വർണ്ണാശ്ച ചരണം
ഷഡബ്ജം ചാധാരപ്രഭൃതികമമീഷാം ച മിളനം
തഥൈവം ഷോഢൈക്യം ഭവതി ഖലു യേഷാം സമയിനാം
ചതുർദ്ധൈക്യം തേഷാം ഭവതി ഹി സപര്യാസമയിനാം 13.

തടില്ലേഖാമദ്ധ്യേ സ്ഫുരതി മണിപൂരേ ഭഗവതീ
ചതുരൈക്യം തേഷാം ഭവതി ച ചതുർബ്ബാഹുരുദിതാ
ധനുർബ്ബാണാനിക്ഷൂദ്ഭവകുസുമജാനംകുശവരം
ലസൽപാശം ഹസ്തൈരുദിതരവിബിംബാകൃതിരുചിഃ 14.

ഭവത്യൈക്യം ഷോഢാ ഭവതി ഭഗവത്യാസ്സമയിനാം
മരുത്വൽകോദണ്ഡദ്യുതിനിയുതഭാസം സമരുചിഃ
ഭവൽപാണിവ്രാതോ ദശവിധ ഇതീദം മണിപുരേ
ഭവാനി പ്രത്യക്ഷം തവ വപുരുപാസ്തേ നഹി പരം ॥ 15.

ഇത്യൈക്യ നിരൂപണം.

ഭവാനി! ശ്രീഹസ്തൈർവ്വഹസി ഫണിപാശം സൃണിമഥോ
ധനുഃ പൌണ്ഡ്രം പൌഷ്പം ശരമഥ ജപസ്രക്ശുകവരം
അഥ ദ്വാഭ്യാം മുദ്രാമഭയവരദാനൈകരസികാം
ക്വണദ്വീണാം ദ്വാഭ്യാം ത്വമുരസികരാഭ്യാം ച ബിഭൃഷേ 16.

ത്രികോണൈരഷ്ടാരം ത്രിഭിരപി ദശാരം സമുദഭൂൽ
ദശാരം ഭൂവേശ്മാദപി ച ഭുവനാശ്രം സമഭവൽ
തതോഭൂന്നാഗാരം നൃപതിദളമസ്മാത്ത്രിവലയം
ചതുർദ്വാഃപ്രാകാരത്രിതയമിദമേവാംബ! ശരണം 17.

ചതുഃഷഷ്ടിസ്തന്ത്രാണ്യപി കുളമതം നിന്ദിതമഭൂൽ
തദേതന്മിശ്രാഖ്യം മതമപി ഭവേന്നിന്ദിതമിഹ
ശുഭാഖ്യാഃ പഞ്ചൈതേ ശ്രുതിസരണിസിദ്ധാഃ പ്രകൃതയോ
മഹാവിദ്യാസ്താസാം ഭവതി പരമാർത്ഥാ ഭഗവതീ 18.

സ്മരോ മാരോ മാരഃ സ്മര ഇതി സ്മരോ മാരമദനഃ
സ്മരാനംഗാശ്ചേതി സ്മരമദനമാരാഃ മനുരിതി
ത്രിഖണ്ഡഃ ഖണ്ഡാന്തേ കലിതഭുവനേശ്യക്ഷരയുതഃ
ചതുഃപഞ്ചാർണ്ണാസ്തേ ത്രയ ഇതി ത്രിപഞ്ചാക്ഷരമനുഃ 19.

ഇതി മന്ത്രോദ്ധാരഃ

ത്രിഖണ്ഡേ ത്വന്മന്ത്രേ ശശിസവിതൃവഹ്ന്യാത്മകതയാ
സ്വരാശ്ചന്ദ്രേ ലീനാഃ സവിതരി കലാഃ കാദയ ഇഹ
യകാരാദ്യാ വഹ്നൗ വഥ കഷയുഗം ബൈന്ദവഗൃഹേ
നിലീനം സാദാഖ്യേ ശിവയുവതി! നിത്യൈന്ദവകലേ! 20.

കകാരാകാരാഭ്യാം സ്വരഗണമവഷ്ടഭ്യ നിഖിലം
കലാപ്രത്യാഹാരാൽ സകലമഭവദ്വ്യഞ്ജനഗണഃ
ത്രിഖണ്ഡേസ്യാൽ പ്രത്യാഹരണമിദമഞ്ചൽകഷയുഗം
ക്ഷകാരശ്ചാകാരോഽക്ഷരതനുതയാ ചാക്ഷരമിതി ॥ 21.

(തുടരും)

തെക്കെ അമ്പാടിയിൽ മീനാക്ഷി അമ്മ, തൃപ്പൂണിത്തുറ.

## ഭാരതത്തിലെ സൂതവന്ദനം.

1115 കക്കടകമാസത്തിലെ 'രാജഷി'യിൽ 'ഭാരതം കിളിപ്പാട്ടിലെ മംഗളാചരണം' എന്ന തലക്കെട്ടിൽ ഒരു പ്രത്യാഖ്യാനം ഞാനെഴുതുകയുണ്ടായല്ലോ. അതിൽ മംഗളാചരണത്തിൻെറ സ്വരൂപം യഥാശക്തി വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുതലേഖനത്തിനു മറുപടിയായി 1116 വൃശ്ചികമാസത്തിലെ 'രാജഷി'യിൽ "മഹാമനസ്കതയ്ക്കും പ്രതിപക്ഷബഹുമാനത്തിനും വിമശനപടുതയ്ക്കും വിതണ്ഡാവാദവൈമുഖ്യത്തിനും" വിളനിലവും ഭാഷാജ്ഞാനപാരാവാരപാരീണനും ഭാഗവതസാരപരിജ്ഞാതാവുമായ വെള്ളങ്കുളത്തു കരുണാകരൻ നായർ അവർകൾ ബി. എസ്സ്. സി. എൽ. ടി. വ്യക്തിവിദ്വേഷത്തിൻെറ കണിക കണികാണാൻപോലും സാധിക്കാത്തവിധം ഒരു ലേഖനം എഴുതിക്കണ്ടതിൽ അത്യധികം സന്തോഷിക്കുന്നു. അദ്ദേഹത്തോട് എനിക്കു തോന്നിയിട്ടുള്ള കൃതജ്ഞത ഈ സന്ദഭത്തിൽ പ്രദശിപ്പിച്ചുകൊള്ളട്ടെ.

ഭാരതം കിളിപ്പാട്ടിൻെറ പ്രാരംഭത്തിലുള്ള,

"തത്ത്വജ്ഞനായ സൂതൻ വിപ്രമാമുനികളെ" എന്നു തുടങ്ങി

"ആശയം തന്നിൽച്ചേത്തു പറഞ്ഞു തുടങ്ങിനാൻ

കേശവഭക്തനായ സൗതിയും കഥാസാരം" എന്നുവരെയുള്ള ഭാഗം മംഗളമാണെന്നാകുന്നു ശ്രീമാൻ നായരുടെ വാദം. നിവ്വിഘ്നപരിസമാപ്തിക്കായി ഗ്രന്ഥകത്താവ് ഗ്രന്ഥാരംഭത്തിലും മററും ചെയ്യുന്ന മംഗളാചരണത്തെയാണ് "ഗുരുവന്ദനം, ഇഷ്ടദേവതാസ്തുതിമുതലായതു്" എന്നുള്ളതുകൊണ്ട് ഞാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഭാരതം കിളിപ്പാട്ടിൻെറ ആരംഭത്തിൽ 74 വരികൾക്കുശേഷം സൂതൻ വിപ്രാദികളെ വന്ദിച്ചു കഥ പറയാൻ തുടങ്ങിയെന്ന പ്രസ്താവത്തിൽ ഇന്നിന്നവരെയെല്ലാം വന്ദിച്ചുവെന്നു പറഞ്ഞിരിക്കുന്നതു് ഗ്രന്ഥത്തിൻെറ നിവ്വിഘ്നപരിസമാപ്തിക്കായി ഗ്രന്ഥകാരൻ ചെയ്യുന്ന മംഗളമായിട്ടു കണക്കാക്കുവാൻ പാടില്ലെന്നുമാണ് എൻെറ വിനീതമായ അഭിപ്രായമെന്ന് എൻെറ ലേഖനത്തിൽ വിശദമായി പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, ശ്രീമാൻ കരുണാകരൻ നായർ ആ പ്രസ്താവംകൊണ്ടു തൃപ്തനാകാതെ അതു മംഗളമാണെന്നു സ്ഥാപിക്കുവാനാണ് പിന്നേയും ശ്രമം ചെയ്തുകാണുന്നതു്. ശ്രീമാൻ നായരുടെ പ്രയത്നം സഫലമായിട്ടില്ലെന്നു വ്യസനത്തോടുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിലെ സൂതവന്ദനം മംഗളമായി കണക്കാക്കുകയാണെങ്കിൽ രാമായണത്തിലെ കൗസല്യാസ്തു

തി, അഹല്യാസ്തുതി, അഗസ്ത്യസ്തുതി, ജടായുസ്തുതി, കബന്ധസ്തുതി മുതലായതും മംഗളമാണെന്നു പറയേണ്ടിവരും. സൂതകൃതമായ ഈ വന്ദനം, അതേ സന്ദർഭത്തിൽത്തന്നെ മഹാഭാരതം മൂലത്തിലുള്ള,

"ആദ്യം പുരുഷമീശാനാം പുരുഹൂതം പുരുഷ്ടുതം
ഋതമേകാക്ഷരം ബ്രഹ്മവ്യക്താവ്യക്തം സനാതനം
അസച്ചസച്ചൈവ ചയദ്വിശ്വംസദസതഃ പരം
പരാവരാണാം സ്രഷ്ടാരം പുരാണം പരമവ്യയം
മംഗല്യം മംഗലം വിഷ്ണും വരേണ്യമനഘം ശുചീം
നമസ്കൃത്യഹൃഷീകേശം ചരാചരഗുരും ഹരിം
നമോ ഭഗവതേ തസ്മൈ വ്യാസായാമിതതേജസേ
യസ്യപ്രസാദാ ദ്വക്ഷ്യാമി നരായണകഥാമിമാം" എന്ന ഭാഗത്തിൻെറ സ്ഥാനത്തു നിബദ്ധമാണെന്നുകൂടി ഈ അവസരത്തിൽ പ്രസ്തുത്യമാകുന്നു. വാസ്തവമിങ്ങനെയിരിക്കെ ഭാരതത്തിലെ സൂതവന്ദനം മംഗളാചരണമാണെന്നു പറയുവാൻ "നവമദശമസ്കന്ധങ്ങളുടെ പ്രണേതാവ് അഭിന്നരാണ്" എന്നിങ്ങനെ രണ്ടുപ്രാവശ്യം നിശ്ശങ്കം ശഠിക്കുവാൻ ധൈര്യം നല്കിയ ഭാഷാജ്ഞാനപാരമ്യത്തിൻെറ പരമനിലയങ്ങൾക്കു മാത്രമേ സാധിക്കുകയുള്ളൂ. കിളിപ്പാട്ടിൽ ഗ്രന്ഥകാരൻ പ്രതിനിധിയായ കിളി ഗ്രന്ഥാരംഭത്തിൽച്ചെയ്യുന്ന ഇഷ്ടദേവതാവന്ദനം മുതലായതല്ലാതെ സൂതനോ കഥാപാത്രങ്ങളോ ചെയ്യുന്ന സ്തുതികളും മററും കിളിപ്പാട്ടിലെ നിർവിഘ്നപരിസമാപ്തിക്കുള്ള മംഗളാചരണമായി ഗ്രഹിക്കാവുന്നതല്ലല്ലോ.

ഭാഗവതം ദശമസ്കന്ധത്തിൻെറ ആരംഭഭാഗത്തിലുള്ള 'ഇനി' എന്ന പദത്തെയും "ജാതിനിന്ദ്യ"പദത്തേയും സമവലംബിച്ചുകൊണ്ട് ശ്രീമാൻ കരുണാകരൻ നായർ പുറപ്പെടുവിച്ചിട്ടുള്ള വാദമുഖങ്ങൾക്കു തക്ക സമാധാനം എൻെറ പൂർവലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. ആരുടെ അഭിപ്രായമാണ് സുബദ്ധമെന്ന് വ്യുൽപന്നന്മാരായ വിമർശകന്മാർ തീർച്ചയാക്കിക്കൊള്ളുമെന്ന് ഈയുള്ളവന് ദൃഢവിശ്വാസമുണ്ടുതാനും. അതുകൊണ്ട് ആ അംശങ്ങളെക്കുറിച്ചു പ്രതിപാദിക്കുവാൻ 'രംജഷി'യുടെ വിലയേറിയ പംക്തികളെ ഉപയോഗിക്കണമെന്നു വിചാരിക്കുന്നില്ല. *

പി. വി. കൃഷ്ണൻ നായർ. ബി. ഒ. എൽ.

* ഇനി, ഇതിനെപ്പററിയുള്ള വാദപ്രതിവാദങ്ങൾക്ക് രാജഷിയിൽ സ്ഥലം അനുവദിക്കുന്നതല്ല. രാ. പ.

## പുസ്തകാഭിപ്രായം.

### മംഗളമാല — അഞ്ചാംഭാഗം

### മ. മ. ശ്രീരാമവർമ്മ അപ്പൻ തമ്പുരാൻതിരുമനസ്സുകൊണ്ട്.

മംഗളോദയം മുദ്രാലയം — തൃശ്ശിവപേരൂർ.

തമ്പുരാൻ തിരുമനസ്സുകൊണ്ട്, സാഹിതീലോകത്തിൽ നിരന്തരം സഞ്ചരിച്ചു തേടിപ്പിടിച്ച താരുകളും തളിരുകളും ചേർത്തിണക്കി കോർത്തുണ്ടാക്കിയ നാലു മംഗളമാലകൾ കൈരളീദേവിയുടെ കണ്ഠത്തിൽ ചാർത്തിയതിനുശേഷം ഇതാ, പ്രസന്നഗംഭീരവും ശൂന്യവുമായ ഭാഷാവൻകാട്ടിൽ സുചിരം സഞ്ചരിച്ചു സമ്പാദിച്ച സുമധുരങ്ങളും പരിണതങ്ങളുമായ ഫലങ്ങൾ ചേർത്തിണക്കിക്കോർത്തുണ്ടാക്കിയ അഞ്ചാമതൊരു മംഗളമാലകൂടി ദേവിയുടെ കണ്ഠനാളത്തിൽ ചാർത്തിയിരിക്കുന്നു. സുരഭിലസുമമാലകളുടെ ഗുണഗണമറിഞ്ഞവർക്ക് ഈ പരിണതഫലമാലയുടെ ആവിർഭാവം അത്യന്തം ആനന്ദസന്ദായകം തന്നേ

ഈ മാലയിൽ ചേർത്തിണക്കിയ ഫലങ്ങളിവയാണ് — 1. അത്യുക്തി. 2 മഷിക്കടൽ. 3. രമണമഹർഷി. 4. ഭാഷാലിപികളുടെ കുഴപ്പം 5- നെപ്പോളിയന്റെ മതം. 6. എന്റെ പ്രാതഃസ്നാനം. 7. പുരാണ പ്രാമാണ്യം 8. അന്തഃകിരണങ്ങൾ 9. ഉപനിഷത്തിന്റെ ഉപോദ്ഘാതം. 10 സാങ്കേതികശബ്ദങ്ങൾ. 11. സഹകരണപ്രസ്ഥാനം‘ 12 കർമ്മവും ധർമ്മവും. (അനുബന്ധം.)

ഇവയിലധികവും പക്വമതികൾക്കത്യന്തം രുചിക്കുന്നവയാണ്. നാളികേരപാകങ്ങളും ദ്രാക്ഷാപാകങ്ങളും മധുപാകങ്ങളുമായ ഫലങ്ങളിതിലുള്ളതിനാൽ സുകുമാരമതികളെയും രസിപ്പിക്കുവാനിതു പര്യാപ്തമാണ്.

ഓരോന്നും മാസികാവലികൾ മുഖേന മുമ്പുതന്നേ പുറത്തു വന്നിട്ടുള്ളവയാകയാൽ പ്രത്യേകം നിരൂപണത്തിനു ഞങ്ങളിപ്പോളൊരുങ്ങുന്നില്ല എന്നാൽ ഇതു് ഓരോ സാഹിതീഭക്തന്മാരും ഹൃദയത്തിലണിഞ്ഞു ഗുണമറിഞ്ഞിരിക്കേണ്ട ഒരു മംഗളമാലതന്നേയാണെന്നു പറഞ്ഞുകൊള്ളുന്നു. തിരുമനസ്സിലെ ഹൃദയകോശത്തിൽ നിക്ഷേപിച്ചുവെച്ചിരിക്കുന്ന ഇത്തരം നിരവധി മാലകൾ ഇനിയും കൈരളീദേവിക്കണിയുവാൻ ഭാഗ്യം സിദ്ധിക്കുമാറാകട്ടെ

ആഭ്യന്തരത്തിന്നൊത്ത ബാഹ്യത്തെ— പ്രകൃതിക്കൊത്ത ആകൃതിയെ സൃഷ്ടിപ്പാൻ ത്രാണിയുള്ള മംഗളോദയം മുദ്രാലയത്തിന്റെ കെൽപ്പും കൈപ്പുണ്യവും എന്നെന്നും വിജയപ്പൂതാക !!

ഈ അമൂല്യമാലക്കു് മൂല്യം പന്ത്രണ്ടണയാണ്.

---

☞ കൃഷ്ണകാന്തന്റെ മരണപത്രം, വിഷവൃക്ഷം, കമലകുമാരി, ചോറ്റാനിക്കരക്ഷേത്രം, എന്നീ പുസ്തകങ്ങൾ അഭിപ്രായത്തിനു കിട്ടിയിരിക്കുന്നു. അഭിപ്രായം വഴിയേ.